# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 20, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 394)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 1071 മുതൽ 1219 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 1220 മുതൽ 1320 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 1321 മുതൽ 1390 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 1391 മുതൽ 1464 വരെ |

### പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി

1071 ശ്രീ. പി. എ. മാധവൻ
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയനവർഷം മുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങളിലെ ലിപി പരിവർത്തനം</u>

1072 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്ക് നൽകുന്ന പാഠപുസ്തകങ്ങളിൽ അച്ചടിച്ചിട്ടുള്ള ലിപിയിൽ വ്യത്യാസം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് തരം ലിപിയാണ് പുതിയതായി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നത്;

(സി) ലിപി പരിവർത്തനം വരുത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനം എന്താണ് ; ഇത് കൊണ്ടുള്ള പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വാർഷിക വിദ്യാഭ്യാസ വികസന സൂചിക</u>

1073 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവശേഷി മന്ത്രാലയം പുറത്തിറക്കിയ വാർഷിക വിദ്യാഭ്യാസ വികസന സൂചികയിൽ സംസ്ഥാനം ഏഴാം സ്ഥാനത്തുനിന്നും പതിനാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം കാരണങ്ങൾകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പാഠ്യപദ്ധതി പരിഷ്ക്കരണം - കമ്മിറ്റിയുടെ ശുപാർശകൾ</u>

1074 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അധ്യയന നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പാഠ്യപദ്ധതിയുടെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളപഠനം</u>

1075 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്രീയ വിദ്യാലയങ്ങളിലും ഔദ്യോഗികഭാഷയായ മലയാളം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചില സ്കൂളുകൾ ഇപ്പോഴും മലയാളഭാഷ പഠിപ്പിക്കാൻ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സ്കൂളുകളിൽ മലയാളഭാഷ നിർബന്ധമാക്കൽ</u>

1076 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷ എല്ലാ സ്കൂളുകളിലും നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ സംസ്കൃതം ഒന്നും രണ്ടും ഭാഷയായി പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് അവ്യക്തത നില നിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്കൃതം ഒന്നും, രണ്ടും ഭാഷയായി പഠിക്കുന്ന കുട്ടികൾ എത്ര മാർക്കിനാണ് മലയാള ഭാഷ പഠിക്കേണ്ടത്;

(സി) പ്രസ്തുത കുട്ടികൾക്ക് മലയാളം പഠിക്കുവാൻ പ്രത്യേകം സിലബസ് നിലവിലുണ്ടോ;

(ഡി) ഇവർ മലയാളം പഠിക്കുന്നതിന് കിട്ടുന്ന മാർക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ</u>

1077 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) നിലവിലുള്ള മാനദണ്ഡം ലംഘിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഹർത്താൽ മൂലം നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ

1078 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 അധ്യയനവർഷം നാളിതുവരെ എത്ര അധ്യയന ദിവസങ്ങൾ ഹർത്താൽ / മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) എങ്കിൽ നഷ്ടപ്പെട്ട പ്രസ്തുത അധ്യയന ദിവസങ്ങളിലെ നഷ്ടം നികത്താൻ പകരം എന്ത് സംവിധാനമാണ് സ്വീകരിച്ചത്;

(സി) ഞായറാഴ്ചകളിൽ ക്ലാസുകൾ നടത്തുന്നതിന് ഏതെങ്കിലും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ചില സ്കൂളുകളിൽ അധ്യാപകർ പ്രവൃത്തി ദിവസം ലീവ് എടുക്കുകയും പകരം ഞായറാഴ്ചകളിൽ ക്ലാസുകൾ എടുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം സ്കൂളുകളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പ്രഖ്യാപിത പൊതു അവധി ദിവസം പ്രവര്‍ത്തിക്കുന്ന സ്കൂളുകള്‍ക്കെതിരെ നടപടി</u>

1079 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍/എയ്ഡഡ് സ്കൂളുകള്‍ക്കും മറ്റ് പ്രൊഫഷണല്‍ വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ക്കും അടിയന്തിര സാഹചര്യങ്ങളില്‍ പൊതു അവധി പ്രഖ്യാപിക്കാന്‍ അധികാരപ്പെട്ടവര്‍ ആരെല്ലാം;

(ബി) ഇത്തരത്തില്‍ അധികാരപ്പെട്ടവര്‍ അവധി പ്രഖ്യാപിച്ച് കഴിഞ്ഞാല്‍ അതു പാലിക്കാതെ ക്ലാസ്സ് നടത്തുന്ന എയ്ഡഡ്/അണ്‍എയ്ഡഡ് സ്ഥാപനങ്ങള്‍ക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ;

(സി) എങ്കില്‍ തലസ്ഥാന ജില്ലയില്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം പ്രഖ്യാപിക്കപ്പെട്ട ഇത്തരത്തിലുള്ള പൊതു അവധികള്‍ നിരാകരിച്ച സംഭവങ്ങളില്‍ എത്ര സ്കൂളുകള്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) സ്കൂള്‍ അധികൃതരില്‍ നിന്നും കുട്ടികള്‍ക്ക് ഭീഷണിയുണ്ടാകുന്ന ഭയത്താല്‍ പരാതി നല്‍കാന്‍ രക്ഷാകര്‍ത്താക്കള്‍ വിമുഖരാണെന്നതിനാല്‍ സംഭവം ശ്രദ്ധയില്‍പ്പെട്ടില്ലെന്ന ഭാവത്തില്‍ നടപടി സ്വീകരിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ക്ലാസ്സ് മുറികളിലെ സി.എഫ്.ലാമ്പുകൾ നീക്കാൻ നടപടി

1080 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി. എഫ്. എൽ. വെളിച്ചത്തിൽ കൂടുതൽ സമയം ഇരുന്നു പഠിക്കേണ്ടിവരുന്ന സ്കൂൾ കുട്ടികളുടെ കാഴ്ചശക്തിക്ക് ന്യൂനതകളുണ്ടാകാൻ ഇടയുണ്ടെന്ന പഠനറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരാതി ലഭിക്കുന്നതുവരെ കാത്തിരിക്കാതെ ക്ലാസ്സ് മുറികളിൽ നിന്നും സി.എഫ്.എൽ./എൽ.ഇ.ഡി. ലാമ്പുകൾ നീക്കുന്നതിന് സത്വര നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പ്രാഥമിക വിദ്യാഭ്യാസമേഖലയുടെ പുരോഗതി</u>

1081 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം പിന്നിലേക്കാണ് പോകുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിലവാരത്തകർച്ചയ്ക്ക് കാരണമായ വസ്തുതകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>അനാദായകരമായ സ്കൂളുകൾ</u>

1082 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അനാദായകരമായ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സർക്കാർ/എയ്ഡഡ് സ്കൂൾ എത്രവീതമാണെന്നും ഇത് ഏതെല്ലാമാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗം</u>

1083 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ടോ; എങ്കിൽ നിരോധനം കർശനമായി നടപ്പാക്കാൻ എന്തൊക്കെ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട് ;

(ബി) ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഇതിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) സ്കൂളുകളിൽ ക്യാമറ ഇന്റർനെറ്റ് സംവിധാനമുള്ള മൊബൈലുകൾ കുട്ടികൾ ദുരുപയോഗം ചെയ്യുന്ന സ്ഥിതിവിശേഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ സർപ്രൈസ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ</u>

1084 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിലെ മൊബൈൽ ഫോൺ ദുരുപയോഗവും ലഹരി വസ്തുക്കളുടെ ഉപയോഗവും നിയന്ത്രിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ 'സർപ്രൈസ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ' രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ക്വാഡിൽ എത്ര അംഗങ്ങളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ഇതിന്റെ ഘടനയെന്തെന്നും വിശദമാക്കാമോ;

(സി) സ്ക്വാഡിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ കൂടുതൽ നവീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂള്‍ കലോത്സവങ്ങള്‍ക്കും മേളകള്‍ക്കുമുള്ള വരവ് ചെലവ്</u>

1085 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ കലോത്സവ നടത്തിപ്പിനായി എല്‍.പി., യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗം വിദ്യാര്‍ത്ഥികളില്‍ നിന്നും എത്ര രൂപ വീതമാണ് പിരിച്ചെടുക്കുന്നത്; ഇതിന് എകീകൃത സ്വഭാവമുണ്ടോ;

(ബി) സ്കൂള്‍, സബ്ജില്ല, ജില്ല, സംസ്ഥാന തല കലോത്സവങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പ് എത്ര വീതം തുകയാണ് നല്‍കി വരുന്നത്;

(സി) ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയ, ഐ.ടി മേളകള്‍ക്ക് പ്രത്യേക ഫീസ് പിരിക്കുന്നുണ്ടോ; എങ്കില്‍ എത്ര; ഇനം തിരിച്ച് കണക്കുകള്‍ വ്യക്തമാക്കുമോ; സര്‍ക്കാര്‍ എത്ര രൂപയാണ് പ്രസ്തുത മേളകള്‍ക്കായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

**സ്കൂൾ ഗെയിംസിൽ പെൺകുട്ടികൾക്കായി ഫുട്ബോൾ മത്സരം**

1086 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഗെയിംസിൽ പെൺകുട്ടികൾക്കായി ഫുട്ബോൾ മത്സരം ഒരിനമായി ചേർക്കണമെന്ന വള്ളിക്കുന്ന് എം.എൽ.എ.യുടെ അപേക്ഷ പ്രകാരം രണ്ടുവർഷം മുമ്പ് തന്നെ ബഹു. മുഖ്യമന്ത്രി അനുമതി നൽകി ഉത്തരവായെങ്കിലും അതുപ്രകാരം നാളിതുവരെ നടപടി സ്വീകരിക്കാത്തത് എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നിവേദനം മുഖ്യമന്ത്രിയുടെ അനുകൂലമായ കുറിപ്പോടെ ഡി.പി.ഐ.യ്ക്ക് നിയമസഭാംഗം നേരിട്ട് നൽകിയിട്ടും അതിൻമേൽ തുടർനടപടി സ്വീകരിക്കാതിരിക്കുകയും, എം.എൽ.എ.യ്ക്ക് മറുപടിപോലും നൽകാതിരിക്കുകയും ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പെൺകുട്ടികൾക്കായി ഫുട്ബോൾ മത്സരം ഒരിനമായി ചേർക്കണമെന്ന ആവശ്യം അടുത്ത് വരുന്ന സ്കൂൾ ഗെയിംസിൽ നടപ്പാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഐ.റ്റി ഉപകരണങ്ങൾ പ്രവർത്തനസജ്ജമാക്കാൻ നടപടി</u>

1087 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി വാങ്ങിയ കമ്പ്യൂട്ടറുകളും മറ്റ് ഐ.റ്റി ഉപകരണങ്ങളും മിക്കതും ഉപയോഗശൂന്യമായി ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടി അടിയന്തര അനുബന്ധ വിവരശേഖരണം നടത്തുന്നതിന് തയ്യാറാകുമോ;

(സി) ഇത്തരം ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിച്ച് ഉപയോഗ്യമാക്കി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം ജോലികളുടെ ചുമതല സർക്കാർ നിയന്ത്രണത്തിലുള്ള കെൽട്രോൺ പോലെയുള്ള സ്ഥാപനങ്ങളെ ഏല്പിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

പഴക്കം ചെന്നതും സുരക്ഷിതമല്ലാത്തതുമായ സ്കൂൾ കെട്ടിടങ്ങളുടെ വിവരശേഖരണം

1088 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴക്കം ചെന്നതും സുരക്ഷിതമല്ലാത്തതുമായ സ്കൂൾ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) അടിയന്തിര സംരക്ഷണ നടപടികൾ ആവശ്യമായ സ്കൂളുകളുടെ ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(സി) കുട്ടികളുടെ സുരക്ഷ പ്രശ്നമായതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി വിവരശേഖരണം നടത്തി ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>അധ്യാപകർക്കുള്ള പരിശീലന പദ്ധതി</u>

1089 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഭരണ നവീകരണ പദ്ധതിയിൽപ്പെടുത്തി അധ്യാപകർക്ക് പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതെങ്കിലും പദ്ധതിയിൽ പരിശീലനം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1090 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലുണ്ടായിരുന്ന സ്ഥാപനങ്ങൾ എത്രയായിരുന്നു; പ്രസ്തുത സ്ഥാപനങ്ങളിൽ അധ്യാപക–അനധ്യാപക തസ്തികകൾ എത്രയായിരുന്നു; പ്രൊട്ടക്റ്റഡ് അധ്യാപകർ എത്രയായിരുന്നു; പ്രൊട്ടക്ഷൻ ലഭിക്കാതെ കഴിയുന്നവർ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലുള്ള സ്ഥാപനങ്ങൾ എത്ര; അവയിലെല്ലാം കൂടി അധ്യാപക–അനധ്യാപക തസ്തികകൾ എത്ര; ടീച്ചേഴ്സ് ബാങ്കിലെ അധ്യാപകർ എത്ര; ടീച്ചേഴ്സ് ബാങ്കിലുൾപ്പെടുത്തണമെന്നാവശ്യപ്പെട്ടവർ എത്ര; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ് മേഖലയിലെ പൊതു വിദ്യാഭ്യാസത്തിന്റെ മൊത്തം ചെലവ് എത്രയായിരുന്നു; മുൻ വർഷം അത് എത്രയായി വർദ്ധിച്ചു; ഈ വർഷത്തിൽ എത്രയാകുമെന്ന് പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സീക്ക് - 13 പദ്ധതി</u>

1091 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സീക്ക് -13' പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കൂടുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലകൾ കണ്ടെത്തുന്നതിനുള്ള സംരംഭത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഏതെല്ലാംതരം വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**20.01.2014–ലെ മറുപടിക്ക്**

<u>അസാപ് പദ്ധതി</u>

1092 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ; വിശദമാക്കുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>ഇ-സാക്ഷരതാ പദ്ധതി</u>

1093 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത് ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1094 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം സ്ഥലങ്ങളിൽ സ്കിൽ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്; ഏതെല്ലാം കോഴ്സുകളാണ് ഈ കേന്ദ്രങ്ങളിൽ നടത്തുന്നത്;

(സി) സ്കിൽ പാർക്കുകളിൽ എന്തെല്ലാം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഫാക്കൽറ്റിയെക്കുറിച്ച് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രത്യേകമായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

1095 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിലേയ്ക്ക് ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ആലത്തൂർ മണ്ഡലത്തിൽ 'ASAP' നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ

1096 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് 'ASAP' നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 'ASAP' നടപ്പിലാക്കിയ സ്കൂളുകൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;

(സി) ഇത്തരം സ്കൂളുകളിൽ ഏതെല്ലാം ക്ലാസുകളാണ് കൈകാര്യം ചെയ്യുന്നത്;

(ഡി) ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകരെ ഏതു വിധത്തിലാണ് നിയമിച്ചിട്ടുള്ളത്; അവർക്കു നൽകുന്ന വേതന ഘടന വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

സര്‍വ്വ ശിക്ഷ അഭിയാന്‍ ഫണ്ട് ചെലവ്

1097 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സര്‍വ്വശിക്ഷ അഭിയാന്‍ ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളില്‍ എന്തെങ്കിലും ഇളവ് നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ; ഇളവ് നല്‍കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സർവ്വശിക്ഷാ അഭിയാൻ ഫണ്ടിന്റെ വിനിയോഗം</u>

1098 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 വർഷങ്ങളിലും 2013-14 വർഷത്തിൽ നാളിതുവരെയും എസ്.എസ്.എ. ഫണ്ടിൽ ചിലവഴിച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റ ശേഷം പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

അരൂർ മണ്ഡലത്തിൽ എസ്.എസ്.എ ഫണ്ട് വിനിയോഗം

1099 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006–11– കാലയളവിൽ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് അരൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ, എത്ര രൂപ വീതം ചെലവഴിച്ച് നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം അരൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ എത്ര രൂപയ്ക്ക് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>എലത്തൂർ മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1100 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംബ്ലി നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എലത്തൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇതുവരെ ചേർന്ന അവലോകന യോഗങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1101 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം ഓരോ മണ്ഡലത്തിലും നടപ്പാക്കുന്ന കാര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം അതു സംബന്ധിച്ച അവലോകനം സീമാറ്റ് നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവലോകനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എം.ജി.എൽ.സി കൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി</u>

1102 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളാണ് ഉളളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എം.ജി.എൽ. സി. കളിൽ ആകെ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചും ഇനം തിരിച്ചുമുള്ള കണക്കുകൾ നൽകാമോ;

(സി) എത്ര എം. ജി. എൽ. സി കളാണ് സർക്കാർ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്, ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) അപ്ഗ്രേഡ് ചെയ്യുമ്പോൾ യോഗ്യതയുള്ളവരെ തുടരാൻ അനുവദിക്കുമോ; ബാക്കിയുള്ള എം.ജി.എൽ.സി. കളുടെ അവസ്ഥ എന്തായിരിക്കുമെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ</u>

1103 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര സ്കൂൾ വീതം പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) 24.7.2013 ലെ മന്ത്രിസഭാ യോഗ തീരുമാനമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ നിയന്ത്രണം നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ്; എത്ര പുതിയ തസ്തികകൾ അനുവദിക്കുകയുണ്ടായി; നിയമനങ്ങൾ നടത്തിയത് ആരാണ്; ഏത് മാനദണ്ഡമനുസരിച്ച്; വിശദമാക്കുമോ;

(ഡി) കേന്ദ്രസഹായം ഓരോ സ്കൂളിന്റെയും കാര്യത്തിൽ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന ഫണ്ട്</u>

1104 ശ്രീ. പി.റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് (ഐ. ഡി. എം. ഐ) ലഭിക്കുന്നതിന് ഈ സർക്കാർ വന്ന ശേഷം ഓരോ വർഷവും എത്ര വീതം അപേക്ഷകളാണ് ലഭിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോ വർഷവും എത്ര എണ്ണം വീതമാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(സി) കേന്ദ്ര സർക്കാർ ഓരോ വർഷവും എത്ര അപേക്ഷകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ബന്ധപ്പെട്ട മാർഗ്ഗരേഖകൾ പാലിക്കാത്തതിനെത്തുടർന്ന് കേന്ദ്ര ഗ്രാന്റ് ഇൻ–എയ്ഡ് കമ്മിറ്റി ഏതെങ്കിലും അപേക്ഷ തിരിച്ചയച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര വീതമാണ്; വ്യക്തമാക്കാമോ;

(ഇ) അപേക്ഷകൾ തിരിച്ചയച്ചതിനുള്ള കാരണം കേന്ദ്രം വ്യക്തമാക്കിയിട്ടുണ്ടോ;

(എഫ്) അപേക്ഷകൾ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കാതെയാണോ കേന്ദ്രത്തിലേയ്ക്കയക്കുന്നത്;

(ജി) മാനദണ്ഡങ്ങൾപാലിക്കാത്ത അപേക്ഷകൾ കേന്ദ്രത്തിലേയ്ക്കയക്കുന്നത് സംസ്ഥാനത്തിന് അവമതിപ്പുണ്ടാക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസ പഠന കമ്മീഷൻ</u>

1105 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചത്;

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഹയർസെക്കൻഡറി വിഭാഗത്തിന് പുതിയ മൂന്ന് മേഖലാ കേന്ദ്ര ങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ</u>

1106 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി വിഭാഗത്തിന് പുതിയ മൂന്ന് മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലായി എന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് മേഖലാകേന്ദ്രത്തെപ്പറ്റി എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ എന്നും എങ്കിൽ എന്തൊക്കെയാണ് പരാതി എന്നും വ്യക്തമാക്കുമോ;

(സി) ഇവിടെ വിജിലൻസ് പരിശോധന നടന്നിരുന്നോ എന്നും എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് കണ്ടെത്തിയത് എന്നും വ്യക്തമാക്കുമോ;

(ഡി) 'സേവനാവകാശനിയമം' ഈ ഓഫീസിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ഈ ഓഫീസിൽ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) 2013 മെയ് മുതൽ അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ നിയമന അംഗീകാരത്തിനായി കോഴിക്കോട് ആർ.ഡി.ഡി.യിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് സ്കൂൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഈ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിച്ചു എന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

(ജി) 2013 മെയ് മുതൽ ലഭിച്ച അപേക്ഷകളിൽ നവംബർ 30 വരെ ഒരു നടപടിയും സ്വീകരിക്കാത്ത അദ്ധ്യാപകരുടെയോ ലാബ് അസിസ്റ്റന്റിന്റെയോ ഏതെങ്കിലും അപേക്ഷയുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ആരുടെയൊക്കെയാണെന്നും ഇതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത</u>

1107 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപര്യാപ്തത പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഹയർ സെക്കൻഡറി മേഖലയിലെ കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

1108 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വകുപ്പിലെ കോമേഴ്സ് ജൂനിയർ, സീനിയർ അദ്ധ്യാപകർ, വൊക്കേഷണൽ ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകർ എന്നിവരുടെ ഏത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇവ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിൽ കോമേഴ്സ് വിഷയങ്ങൾ പഠിപ്പിക്കുന്നത് കോമേഴ്സ് വിഷയങ്ങളിൽ പരിചിതരല്ലാത്ത മറ്റ് അദ്ധ്യാപകരാണെന്നും തന്മൂലം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മോശമാകുന്നുണ്ടെന്നും കോമേഴ്സ് വിഷയങ്ങൾ തെരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾ മടിക്കുന്നുവെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ ഹയർ സെക്കന്ററി മേഖലയിലെ കോമേഴ്സ് അദ്ധ്യാപകരുടെ എല്ലാ ഒഴിവുകളും പി.എസ്.സി മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

2010-11 വർഷത്തിൽ സർക്കാർ/എയ്ഡഡ് മേഖലകളിൽ അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകൾ

1109 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിൽ എത്ര ഹയർ സെക്കൻഡറി സ്കൂളുകളാണ് സർക്കാർ/എയ്ഡഡ് മേഖലകളിലായി അനുവദിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) മന്ത്രിസഭാതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പുതിയ ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിച്ചത്; എങ്കിൽ, ആയതുപ്രകാരം കൃത്യസമയത്ത് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; ഇതിലേയ്ക്കായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവിറങ്ങിയത് ഏതെല്ലാം തീയതികളിലാണെന്നു വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിൽ എയ്ഡഡ് വിഭാഗത്തിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ എപ്പോഴാണ് നിലവിൽ വരേണ്ടിയിരുന്നതെന്നും, ഇവ എപ്പോഴാണ് സൃഷ്ടിച്ചതെന്നും വിശദമാക്കുമോ;

(ഡി) തസ്തിക സൃഷ്ടിക്കുന്നതുവരെ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ദിവസവേതനം ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നുവോ; ഇതേ കാലയളവിൽ ജോലിചെയ്ത ലാബ് അസിസ്റ്റന്റുമാർക്ക് ദിവസവേതനം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, വേതനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ</u>

1110 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വിദ്യാഭ്യാസ വർഷവും വി. എച്ച്. എസ്. സി. ഉൾപ്പെടെ എത്ര ഹയർ സെക്കന്ററി സ്കൂളുകൾ പുതുതായി സർക്കാർ/എയ്ഡഡ് മേഖലകളിലായി തുടങ്ങാൻ അനുമതി നൽകി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും നിലവിലെ വി. എച്ച്. എസ്. സി. ഉൾപ്പെടെ ഹയർ സെക്കന്ററി സ്കൂളുകളിലായി എത്ര പുതിയ ബാച്ചുകൾ തുടങ്ങാൻ അനുമതി നൽകി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പ് അധ്യയനവർഷം എത്ര ഹയർ സെക്കന്ററി/വി. എച്ച്. എസ്. സി.കളിൽ എത്ര സീറ്റുകളുടെ ഒഴിവുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇക്കാരണങ്ങളാൽ എത്ര ബാച്ചുകൾ നഷ്ടപ്പെടും എന്നതിന്റെ ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ വിദ്യാഭ്യാസ വർഷം ഇത്തരത്തിൽ എത്ര സീറ്റുകൾ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടന്നു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ വിദ്യാഭ്യാസ വർഷം ഇത്രയും സീറ്റുകൾ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടന്നപ്പോൾ നടപ്പു വിദ്യാഭ്യാസ വർഷം കൂടുതൽ ബാച്ചുകൾ അനുവദിച്ചതിന് കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം എം.എസ്.പി. ഹയർ സെക്കന്ററി സ്കൂളിലെ നിയമനങ്ങൾ</u>

1111 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എം.എസ്.പി. ഹയർ സെക്കന്ററി സ്കൂളിലെ നിയമനങ്ങളിൽ എന്തെങ്കിലും അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ വിദ്യാലയത്തിലെ നിയമനങ്ങളിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഈ വിദ്യാലയത്തിലെ നിയമനങ്ങൾ, പഞ്ചായത്തുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടതുപോലെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പുന്നപ്ര അറവുകാട് ഹയർസെക്കന്ററി സ്കൂളിലെ രേഖകൾ

1112 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര അറവുകാട് ഹയർസെക്കന്ററി സ്കൂളിലെ മുറി തീപിടിച്ച് രേഖകൾ നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ; ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ;

(സി) ആയതു സംബന്ധിച്ച അന്വേഷണം ക്രൈം ബ്രാഞ്ചിന് നൽകണമെന്ന് സ്കൂൾ അധികൃതരോ, ജനപ്രതിനിധികളോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ</u>

1113 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പഞ്ചായത്തുകളിലാണ് എയ്ഡഡ്-സർക്കാർ മേഖലയിൽ ഹയർ സെക്കൻഡറി സ്കൂളുകൾ ഇല്ലാത്തത് എന്നത് വ്യക്തമാക്കാമോ;

(ബി) സർക്കാർ-എയ്ഡഡ് മേഖലയിൽ ഹയർ സെക്കൻഡറി വിഭാഗം ഇല്ലാത്ത ഏതെല്ലാം പഞ്ചായത്തുകളിലെ വിദ്യാലയങ്ങൾക്കാണ് ഹയർ സെക്കണ്ടറി അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) അപ്രകാരം അരൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് അർഹത എന്ന് വ്യക്തമാക്കാമോ; അരൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഹയർ സെക്കൻഡറി തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളുകളിലെ പ്രതിസന്ധി

1114 ശ്രീ. വി. ശിവൻകുട്ടി
,, ആർ. രാജേഷ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി.ക്ക് കീഴിലുള്ള ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം പ്രതിസന്ധിയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓപ്പൺ സ്കൂളിൽ വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ പിരിച്ചു വിടുകയുണ്ടായോ; എങ്കിൽ എത്ര ജീവനക്കാരെയാണ് ഇതിനകം പിരിച്ചുവിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം കാരണം ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുകയാണെന്ന കാര്യം അറിവുള്ളതാണോ;

(ഡി) നിയമാനുസൃതം നിയമനം ലഭിച്ചതും ദീർഘകാലം സേവനമനുഷ്ഠിച്ചവരുമായ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചു വിടാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഇ) ജീവനക്കാരെ പിരിച്ചുവിട്ട നടപടി ലക്ഷക്കണക്കിന് വരുന്ന ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ തുടർപഠനത്തെ പ്രതിസന്ധിയിലാക്കിയിട്ടുള്ള കാര്യം അറിവുള്ളതാണോ;

(എഫ്) ഓപ്പൺ സ്കൂൾ അധികൃതരുടെ ഈ നടപടി പുന:പരിശോധിക്കുന്നതിനും പിരിച്ചുവിടപ്പെട്ട ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളുകളിലെ നിയമനം

1115 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓപ്പൺ സ്കൂളിൽനിന്നും ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെ;

(ബി) പിരിച്ചുവിടപ്പെട്ടവരുടെ നിയമനരീതി, നിയമനത്തിലെ മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ;

(സി) പിരിച്ചുവിട്ടവർക്ക് പകരമായി പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികയിൽ; പ്രസ്തുത തസ്തികകൾക്ക് നിർദ്ദേശിച്ച യോഗ്യതകൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ബിരുദം അടിസ്ഥാനയോഗ്യതയായിട്ടുള്ള തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ നിയമനം ലഭിച്ചവരുടെ പേരുവിവരം മേൽവിലാസമുൾപ്പെടെ ലഭ്യമാക്കാമോ;

(ഇ) നിയമനം നടത്തുന്നതിനായി പരസ്യം നൽകിയിരുന്നുവോ; എങ്കിൽ ഏതൊക്കെ മാധ്യമങ്ങളിൽ;

(എഫ്) നിയമനത്തിനായി പരീക്ഷകൾ, ഇന്റർവ്യൂകൾ എന്നിവ നടത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലം, തീയതി എന്നിവ വിശദമാക്കാമോ;

(ജി) ഇത്തരം നിയമനങ്ങളിൽ പാലിക്കേണ്ട സംവരണതത്വങ്ങൾ എന്തൊക്കെയാണ്; എങ്കിൽ അവ പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എച്ച്) ആകെ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വിശദമാക്കുമോ; അപേക്ഷകരുടെ പേര്, വിലാസം എന്നിവ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്ക്കൂളിലെ നിയമനം</u>

1116 ശ്രീ. ടി. വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്ക്കൂളിൽ നിയമാനുസൃതം നിയമിച്ച ജീവനക്കാരെ പിരിച്ചുവിട്ട ശേഷം ദിവസക്കൂലി നിയമനത്തിന് 22.11.2013-ൽ എസ്. സി. ഇ. ആർ.ടി ഡയറക്ടർ നൽകിയ അറിയിപ്പ് അനുസരിച്ച് വിവിധ തസ്തികകളിൽ ദിവസക്കൂലി നിയമനത്തിന് ലഭിച്ച അപേക്ഷകളുടെ എണ്ണം തസ്തിക തിരിച്ച് നൽകുമോ;ഇതിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ നിന്നും യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് അഭിമുഖമോ എഴുത്തുപരീക്ഷയോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ യോഗ്യരായവരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെന്ന് അറിയിക്കാമോ;

(സി) 2013 നവംബർ 18-ന് ശേഷം ഓപ്പൺ സ്ക്കൂളിൽ ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നൽകിയവരുടെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഓപ്പൺ സ്കൂൾ ജീവനക്കാർ

1117 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഓപ്പൺ സ്കൂളുകളിൽ നിന്ന് എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്; പിരിച്ചുവിടാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ബി) പിരിച്ചുവിട്ടവർക്ക് പകരം പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇവരുടെ പേര് വിവരവും തസ്തികയും ശമ്പളവും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലോ ആണോ പുതുതായി നിയമനം നൽകിയിട്ടുളളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

1118 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, എം.എ. വാഹീദ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പാക്കേജിലെ പ്രധാനവിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ</u>

1119 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എയ്ഡഡ് മേഖലയിൽ ആകെ എത്ര അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ അത് എത്രയാണ്;

(ബി) എയ്ഡഡ് മേഖലയിൽ ഡിവിഷനുകൾ നഷ്ടപ്പെട്ടത് മൂലം പ്രൊട്ടക്റ്റ് ചെയ്യപ്പെട്ടവരും അല്ലാത്തവരും ആയ അധ്യാപക/അനധ്യാപകർ എത്ര;

(സി) എയ്ഡഡ് മേഖലയിലെ കോളേജ്/സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നവരുടെ ശമ്പളം, അലവൻസ്, ഗ്രാന്റ് തുടങ്ങി മൊത്തം പ്രതിവർഷം ചെലവ് എത്രയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ
അദ്ധ്യാപക – അനദ്ധ്യാപക തസ്തികകൾ

1120 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010–11 വിദ്യാഭ്യാസ വർഷത്തിൽ പൊതുവിദ്യാഭ്യാസ രംഗത്ത് സർക്കാർ – എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ ഗ്രേഡിലുള്ള അദ്ധ്യാപക–അനദ്ധ്യാപക തസ്തികകൾ എത്രയായിരുന്നു; വിശദമാക്കാമോ;

(ബി) 2013–14 വിദ്യാഭ്യാസ വർഷത്തിൽ പൊതുവിദ്യാഭ്യാസ രംഗത്ത് സർക്കാർ – എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ ഗ്രേഡിലുള്ള അദ്ധ്യാപക–അനദ്ധ്യാപക തസ്തികകൾ എത്ര;

(സി) സർക്കാർ – എയ്ഡഡ് മേഖലകളിലെ അദ്ധ്യാപക തസ്തികകളിൽ 2010–11 നെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവുണ്ടായി;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ – എയ്ഡഡ് മേഖലകളിൽ പുതിയതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽനിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ</u>

1121 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എത്ര അദ്ധ്യാപകരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നത്; ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) അദ്ധ്യാപകർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുമ്പോൾ അതത് സ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നത് എങ്ങനെയെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) അദ്ധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കാറുണ്ടോ; എങ്കിൽ ഒരു അദ്ധ്യയന വർഷം ഒരു അദ്ധ്യാപകന് പരമാവധി അനുവദിക്കാവുന്ന ഡ്യൂട്ടി ലീവുകൾ എത്രയാണ്?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അധ്യാപക വിദ്യാർത്ഥി അനുപാതം</u>

1122 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര അധ്യാപകരാണ് സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലുമായി അധികമായിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

(സി) സർക്കാർ, എയിഡഡ് സ്കൂളുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എയിഡഡ് മേഖലയിൽ ഈ അധ്യയന വർഷം അധ്യാപക-വിദ്യാർത്ഥി അനുപാതം 1:35 ആയി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സർക്കാർ മേഖലയിലും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(എഫ്) ഇത്തരത്തിൽ വ്യത്യസ്ത അനുപാതം നിശ്ചയിച്ചതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

51എ ക്ലെയിമുള്ള അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ നടപടി

1123 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്യുന്നതും ചെയ്തതുമായ 51എ ക്ലെയിമുള്ള എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി എവിടെവരെയായി;

(സി) പുതുക്കിയ അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം ഇവർക്കു കൂടി ബാധകമാണോ; വ്യക്തമാക്കുമോ;

(ഡി) ക്ലാസ് ചുമതലയിൽ ഒഴിവാക്കപ്പെടുന്ന പ്രധാന അദ്ധ്യാപകർക്ക് പകരം 51എ ക്ലെയിമുള്ള അദ്ധ്യാപകരെ പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പ്രധാന അധ്യാപകരെ അധ്യയന ചുമതലയിൽ നിന്നും ഒഴിവാക്കി സർക്കാർ വിജ്ഞാപനം</u>

1124 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പ്രധാന അധ്യാപകരെ അധ്യയന ചുമതലയിൽ നിന്നും ഒഴിവാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത് എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ എത്ര വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്കൂളുകൾക്കാണ് ബാധകമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുണ്ടാകുന്ന ഒഴിവുകളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്നാണോ ദിവസക്കൂലി വ്യവസ്ഥയിലാണോ അധ്യാപകരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം</u>

1125 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ യൂണിഫോം വിതരണം കാര്യക്ഷമമാക്കാൻ നടപടി</u>

1126 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ കുട്ടിക്കും രണ്ടു സെറ്റ് യൂണിഫോം വിതരണം ചെയ്യുന്നതിന് നാന്നൂറു രൂപ മാത്രം അനുവദിച്ചിരിക്കെ തയ്യൽക്കൂലിയിനത്തിൽ വരുന്ന ചെലവ് പി.റ്റി.എ.യ്ക്ക്/ ഹെഡ്മാസ്റ്റർമാർക്ക് വൻബാദ്ധ്യതയായി മാറുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ഉത്തരവിലെ അപ്രായോഗിക നിർദ്ദേശങ്ങൾ ഒഴിവാക്കി യൂണിഫോം വിതരണം കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണത്തിന്റെ കണക്ക്</u>

1127 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു അദ്ധ്യയന വർഷം എത്ര സ്കൂളുകൾക്കായി എത്ര വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യേണ്ടതുണ്ട്; വിശദമാക്കുമോ;

(ബി) ഇതിൽ എത്ര സ്കൂളുകളിലായി എത്ര വിദ്യാർത്ഥികൾക്ക് 2013 ഡിസംബർ 31 വരെ വിതരണം ചെയ്തു; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര കുട്ടികൾ സർക്കാർ/എയിഡഡ് സ്കൂളുകളിൽ പഠിക്കുന്നു; നാളിതുവരെ എത്ര കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്തു; യൂണിഫോം ലഭിക്കേണ്ട കുട്ടികൾക്ക് അത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) യൂണിഫോം വിതരണത്തിനായി വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ച ഉദ്യോഗസ്ഥരുടെ കൃത്യവിലോപം മൂലം വിതരണം നാളിതുവരെ നടത്താൻ കഴിയാത്തത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) 2013-14 അദ്ധ്യയന വർഷം യൂണിഫോം നൽകാൻ ചുമതലപ്പെടുത്തിയ സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവർക്ക് ഇതുവരെ സർക്കാർ അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(എഫ്) ഈയിനത്തിൽ സർക്കാർ 2013-14 അദ്ധ്യയന വർഷം ആകെ എത്ര തുക മാറ്റി വച്ചു; ആയതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ജി) സർക്കാർ നിയന്ത്രണാധികാരത്തിലുള്ള ഹാന്റക്സ്, ഹാൻവീവ്, ഖാദിബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഈ ചുമതല ഏൽപ്പിക്കുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം വിതരണം</u>

1128 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) അദ്ധ്യയനവർഷം അവസാനിക്കാറായ സാഹചര്യത്തിൽ യൂണിഫോമിന്റെ തുക വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) നാനൂറ് രൂപയ്ക്ക് രണ്ട് ജോഡി യൂണിഫോം വാങ്ങാൻ കഴിയാത്തതിനാൽ തുക വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാവുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

സൗജന്യ യൂണിഫോം വിതരണത്തിനുള്ള മാനദണ്ഡം

1129 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് നടപ്പിലാക്കുന്നതെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ഏതൊക്കെ സ്കൂളുകളെയാണ് തെരഞ്ഞെടുക്കുന്നതെന്നും ഗവ./എയ്ഡഡ്/ സ്വകാര്യ സ്കൂൾ തിരിച്ച് അറിയിക്കുമോ;

(ബി) സ്കൂളിലെ എല്ലാകുട്ടികൾക്കും ആൺ/പെൺ വ്യത്യാസമില്ലാതെ യൂണിഫോം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എ.പി.എൽ./ബി.പി.എൽ. മാനദണ്ഡം യൂണിഫോം വിതരണത്തിന് ബാധകമാണോ;

(സി) എ.പി.എൽ./ബി.പി.എൽ. അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടത്തിയാൽ സ്കൂൾ കുട്ടികൾക്കിടയിൽ ഉണ്ടാകുവാൻ സാധ്യതയുള്ള വേർതിരിവിനെയും അസമത്വത്തെയും കുറിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ തയ്യാറാകുമോ;

(ഡി) ഒരേ നിറത്തിലുള്ള യൂണിഫോം അടുത്തടുത്തുള്ള സ്കൂളുകളിൽ വരാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>സ്കൂൾ യൂണിഫോം വിതരണം</u>

1130 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂൾ കുട്ടികൾക്കാണ് ഈ അദ്ധ്യയനവർഷം യൂണിഫോമിന് അർഹതയുള്ളതെന്ന് കണ്ടെത്തിയിട്ടുള്ളത്; ഇതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷം യൂണിഫോം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വിതരണം ചെയ്യാതിരുന്നതെന്ന് വിശദമാക്കുമോ;

(സി) യൂണിഫോം വിതരണം ചെയ്യാൻ എന്ത് നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഏതെല്ലാം കമ്പനികളിൽ നിന്നും തുണി വാങ്ങണമെന്നാണ് ഡി.പി.ഐ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പി.റ്റി.എ, എസ്.എം.സി എന്നിവർക്ക് നേരിട്ട് തുണി വാങ്ങി കുട്ടികൾക്ക് നൽകാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) നേരിട്ട് തുണി വാങ്ങിയാൽ അവ എൻ.റ്റി.സിയുടെ കെമിക്കൽ ലാബിൽ പതിനായിരം രൂപ കെട്ടിവച്ച് പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ചെലവായ തുക നൽകുകയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; സർക്കാർ നിർദ്ദേശിച്ച കമ്പനികളുടെ തുണിയുടെ ഗുണനിലവാരം എൻ.റ്റി.സി യുടെ കെമിക്കൽ ലാബിൽ പരിശോധിച്ച് സർട്ടിഫിക്കറ്റ് നേടിയവയാണോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണ പദ്ധതി</u>

1131 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും പൂർണ്ണമായി നടപ്പിലാക്കിയോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>യൂണിഫോം തുക വർദ്ധിപ്പിക്കാൻ നടപടി</u>

1132 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പ് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളിലെ കുട്ടികൾക്ക് ഈ അധ്യയനവർഷം സ്കൂൾ തുറക്കുമ്പോൾ തന്നെ രണ്ടു ജോഡി യൂണിഫോം നൽകുന്നതിനായി തീരുമാനമെടുത്തിട്ടുള്ളത് പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലയെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) രണ്ടുജോഡി യൂണിഫോമിന് കുട്ടിയൊന്നിന് കേവലം നാനൂറ് രൂപമാത്രം അനുവദിച്ചതിനാൽ തയ്യൽകൂലിയിനത്തിലുള്ള തുകയടക്കം പരിഗണിക്കുമ്പോൾ പ്രസ്തുത തുക തികച്ചും പരിമിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയത് ബോധ്യപ്പെട്ട് യൂണിഫോമിനായി കുട്ടി ഒന്നിന് 1000 രൂപ നിരക്കിൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ സൗജന്യ യൂണിഫോം വിതരണം</u>

1133 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ വിദ്യാഭ്യാസ വർഷം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് മാസത്തിലാണ് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയതെന്ന് അറിയിക്കാമോ;

(സി) ഈ അദ്ധ്യയന വർഷത്തിന്റെ പകുതിയിലേറെ പിന്നിട്ടതിനു ശേഷം കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനുള്ള നിർദ്ദേശം നൽകുക വഴി കുട്ടികൾക്ക് എന്ത് പ്രയോജനമാണ് ലഭിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിദ്യാഭ്യാസ വർഷാരംഭത്തിൽ കൊടുക്കേണ്ട യൂണിഫോം വൈകിയതിന് കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണം</u>

1134 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് എന്ന് മുതലാണ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) എ. പി. എൽ., ബി. പി. എൽ. വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും യൂണിഫോം അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) യൂണിഫോം വിതരണത്തിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ; പ്രത്യേക ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ ; ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) സംസ്ഥാന തലത്തിൽ ഒരേതരം യൂണിഫോമാണോ നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഇ) സ്കൂളുകളിലെ നിലവിലെ യൂണിഫോം തുടരുന്നതിന് സാധിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതിപ്രകാരം ആൺകുട്ടികൾക്കുള്ള വേഷം</u>

1135 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ യൂണിഫോം പദ്ധതിയിൽ ആൺകുട്ടികൾക്ക് അനുവദിച്ചിട്ടുള്ളത് ഏതുതരം വേഷവിധാനമാണ്;

(ബി) ആൺകുട്ടികൾക്ക് 'പാന്റ്സ്' ഉപയോഗിക്കുവാൻ അനുമതി നൽകാത്തതിന് കാരണം വിശദമാക്കാമോ;

(സി) ആൺകുട്ടികൾക്ക് 'പാന്റ്സ്' ഉപയോഗിക്കുവാൻ അനുവാദം നൽകുമോ;

(ഡി) എങ്കിൽ ആവശ്യമായ അധികം തുണികൂടി നല്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ യൂണിഫോം പദ്ധതി</u>

1136 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള സ്കൂൾ യൂണിഫോം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) യൂണിഫോമിനുള്ള തുണി വിതരണം ചെയ്യാൻ ഏതെല്ലാം കമ്പനികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അതിൽ സംസ്ഥാന ഖാദി ബോർഡിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ – എയ്ഡഡ് സ്കൂളുകളിലെ സൗജന്യ യൂണിഫോം വിതരണം</u>

1137 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ – എയ്ഡഡ് സ്കൂളുകളിലെ കുട്ടികള്‍ക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യാനുള്ള പദ്ധതിയുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ; സര്‍ക്കാര്‍ ഉത്തരവിറക്കിയത് എന്നായിരുന്നു;

(ബി) അദ്ധ്യയന വര്‍ഷാരംഭത്തില്‍ യൂണിഫോം വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; വിതരണം ചെയ്തു തുടങ്ങിയത് എപ്പോഴാണ്; അര്‍ഹതപ്പെട്ടവര്‍ക്കെല്ലാം യൂണിഫോം വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടോ;

(സി) മൊത്തം എത്ര കുട്ടികള്‍ക്ക് യൂണിഫോം വിതരണം ചെയ്യാനാണ് പദ്ധതിയിട്ടിരുന്നത്; ഇതിന് കണക്കാക്കപ്പെട്ട മൊത്തം ചെലവ് എത്ര; ഒരു വിദ്യാര്‍ത്ഥിക്ക് എന്ത് തുകയുടെ യൂണിഫോം നല്‍കാന്‍ ഉദ്ദേശിച്ചിരുന്നു; യൂണിഫോം സംസ്ഥാന തലത്തില്‍ ഒരുമിച്ച് വാങ്ങാന്‍ തീരുമാനം എടുത്തത് എപ്പോഴാണ്; ഒരുമിച്ച് വാങ്ങിയ യൂണിഫോമിന്റെ മൊത്തം ചെലവ് എത്ര രൂപയാണ്;

(ഡി) എല്ലാ സ്കൂളുകളുടേയും യൂണിഫോം ഒരേ മാതൃകയിലാണോ; ഏതെല്ലാം മില്ലുകളില്‍ നിന്നും എന്ത് വിലയ്ക്കാണ് യൂണിഫോം തുണികള്‍ വാങ്ങിയത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സൗജന്യ സ്കൂൾയൂണിഫോം പദ്ധതി</u>

1138 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം വിതരണ പദ്ധതിയനുസരിച്ച് യൂണിഫോം വാങ്ങുന്നതിന് ഹെഡ്മാസ്റ്റർമാർക്ക് അധികാരമുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്ക് സ്കൂൾ ഹെഡ്മാസ്റ്ററുമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) സർക്കാർ നിർദ്ദേശിച്ച കമ്പനികളിൽ നിന്നല്ലാതെ യൂണിഫോം തുണി വാങ്ങുമ്പോൾ, തുണിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നാണ് ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളത്;

(ഡി) കേരള ഖാദി ബോർഡിന്റെ യൂണിഫോം തുണിത്തരങ്ങൾ വാങ്ങുമ്പോഴും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ ബാധകമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം വിതരണത്തിനുള്ള തുണി</u>

1139 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം സൗജന്യമായി നൽകുന്നതിന് ആവശ്യമായ തുണി ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) കമ്പനികളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്തൊക്കെയായിരുന്നു;

(സി) സർക്കാർ തുണിമില്ലുകൾ ഇക്കാര്യത്തിൽ താൽപര്യം കാണിച്ചിരുന്നുവോ; പ്രസ്തുത മില്ലുകളെ അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) കമ്പനികളെ നിശ്ചയിച്ചത് വിദ്യാഭ്യാസ വകുപ്പിന്റെ ഏതൊക്കെ ഉദ്യോഗസ്ഥർ ചേർന്നാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

## സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതി

1140 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വിലക്കയറ്റം സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഒരു വിദ്യാർത്ഥിക്ക് ഉച്ചഭക്ഷണത്തിനായി നൽകുന്ന ഫണ്ട് എത്രയെന്ന് വെളിപ്പെടുത്തുമോ; ഈ തുക, പദ്ധതി സുഗമമായി നടപ്പാക്കുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; തുക യഥാസമയം സ്ക്കൂൾ അധികൃതർക്ക് നൽകാൻ കഴിയുന്നുണ്ടോ;

(സി) ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയതിൽ പ്രധാന അദ്ധ്യാപകർക്ക് കുടിശ്ശിക നൽകാനുണ്ടായിരുന്നുവോ; ഇത് കൊടുത്തു തീർത്തിട്ടുണ്ടോ;

(ഡി) വിലവർദ്ധനമൂലം പ്രധാന അദ്ധ്യാപകർക്ക് അധിക ബാദ്ധ്യത വരികവഴി പദ്ധതി തടസ്സപ്പെടുമെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) ഈ സാഹചര്യത്തിൽ പദ്ധതി തടസ്സം കൂടാതെ നടത്തുന്നതിന് അധിക ഫണ്ട് നൽകുന്നതിന് തയ്യാറാകുമോ;

(എഫ്) സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ഈ വർഷം കണക്കാക്കപ്പെട്ട ചെലവ് എത്ര; ഇതിൽ എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു; ഇതിനായി ബജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ കുറവുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

വിദ്യാഭ്യാസ ഓഫീസുകളിൽ അപേക്ഷകൾ തീർപ്പാക്കാൻ അദാലത്ത്

1141 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ ഓഫീസ് മുതൽ എ.ഇ.ഒ ഓഫീസ് വരെയുള്ള വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളും പരാതികളും പരിഹരിക്കുന്നതിന് അദാലത്തുകൾ നടത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീർപ്പു കൽപ്പിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>എൽ.എസ്.എസ്., യു.എസ്.എസ് സർട്ടിഫിക്കറ്റുകളുടെ വിതരണം</u>

1142 ശ്രീ. ചിറ്റയം ഗോപകുമാർ
,, ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എസ്.എസ്., യു.എസ്.എസ്. സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര വർഷത്തെ സർട്ടിഫിക്കറ്റുകളാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്, ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകൾ ജനുവരി മാസത്തിൽ നടത്തി, കുട്ടികൾ സ്കൂൾ വിടുന്നതിന് മുൻപ് തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സെന്ററുകൾ</u>

1143

ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും ശാരീരിക, മാനസിക ആരോഗ്യവും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം

1144 ശ്രീ. എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണന്‍
,, വര്‍ക്കല കഹാര്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഈയിടെ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് സമ്മേളനത്തില്‍ ചര്‍ച്ച ചെയ്തത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) സമ്മേളനത്തില്‍ എന്തെല്ലാം കാര്യങ്ങളാണ് അംഗീകരിച്ചത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടര്‍ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>അദ്ധ്യാപികമാരുടെ ശമ്പളം നൽകാൻ നടപടി</u>

1145 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം എ.ഇ.ഒ യുടെ കീഴിൽ വരുന്ന ചാരുംമൂട് സെന്റ് മേരീസ് എൽ.പി.എസ്സ്–ലെ അദ്ധ്യാപിക ശ്രീമതി മിനി ജോസഫിന്റെ ശമ്പളം കഴിഞ്ഞ ആറ് മാസക്കാലമായി നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അടൂർ എ.ഇ.ഒ യുടെ കീഴിൽ വരുന്ന കുറുമ്പകര സെന്റ് ബ്രോക്കാർഡ്സ് എൽ.പി.എസ്സ്–ലെ ശ്രീമതി കെ.സി. കുഞ്ഞമ്മയുടെ ശമ്പളവും കഴിഞ്ഞ ആറു മാസമായി നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) എല്ലാ അദ്ധ്യാപകർക്കും യാതൊരു തടസ്സവും കൂടാതെ ശമ്പളം നൽകാൻ തീരുമാനിച്ച ഈ സർക്കാരിന്റെ കാലത്താണ് ഇത്തരത്തിൽ ശമ്പളം നൽകാതിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളം നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ നയങ്ങൾക്ക് വിരുദ്ധമായി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഇത്തരം സംഭവങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളം എന്നത്തേയ്ക്ക് മാറി നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്-സൂപ്രണ്ട് തസ്തിക അനുപാതം</u>

1146 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പിലും ആറ് ക്ലാർക്ക് തസ്തികക്ക് ഒരു സൂപ്രണ്ട് എന്ന ജി.ഒ.(പി) 515/1985(ധന) നമ്പർ ഉത്തരവ് പ്രകാരമുള്ള നിബന്ധന പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ക്ലാർക്ക്, സൂപ്രണ്ട് തസ്തികകളുടെ എണ്ണവും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) ഉത്തരവ് നടപ്പാക്കിയിട്ടില്ലെങ്കിൽ സർക്കാർ നിർദ്ദേശിച്ച അനുപാതത്തിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഐ. ടി. അറ്റ് സ്കൂള്‍ പദ്ധതിയിലെ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകള്‍

1147 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്‍. പി., യു. പി. സ്കൂളുകളില്‍ ഐ. ടി. അറ്റ് സ്കൂള്‍ പദ്ധതിപ്രകാരം ജോലി നോക്കുന്ന അദ്ധ്യാപകരുടെ സേവന–വേതന വ്യവസ്ഥകള്‍ ക്രമീകരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഈ സ്കൂളുകളില്‍ ജോലി ചെയ്യുന്ന ഐ. ടി. അദ്ധ്യാപകര്‍ക്ക് ദിവസവേതനം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ അദ്ധ്യാപകര്‍ക്ക് ഓണറേറിയം നല്‍കുന്നത് പി. ടി. എ. ആണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ അദ്ധ്യാപകരുടെ സേവന–വേതന വ്യവസ്ഥകള്‍ നിശ്ചയിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്) എങ്കില്‍, കമ്മീഷന്‍ റിപ്പോര്‍ട്ട് വരുന്നതുവരെ എസ്. എസ്. എ. ഫണ്ടില്‍നിന്ന് ഒരു വിഹിതം പ്രസ്തുത ഐ. ടി. അദ്ധ്യാപകരുടെ വേതനം നല്‍കുന്നതിന് ഉപയോഗിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പാഠപുസ്തകവും യൂണിഫോമും വിതരണം</u>

1148 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സ്കൂളുകളിലാണ് കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തകം വിതരണം ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ അദ്ധ്യയന വർഷം കേരളത്തിൽ എത്ര സ്കൂളുകളിൽ പാഠപുസ്തക വിതരണം നടന്നു; എന്നാണ് വിതരണം നടത്തിയത്; എത്ര സ്കൂളുകളിൽ വിതരണം നടക്കാനുണ്ട്; വിശദമാക്കാമോ?

(സി) മാവേലിക്കര ബി.ആർ.സി ക്ക് കീഴിൽ സൗജന്യ യൂണിഫോമിന് അർഹരായ വിദ്യാർത്ഥികളുടെ എണ്ണമെത്ര; എൽ.പി/യു.പി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തിട്ടുണ്ടോ; വിശദമായ കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചഭക്ഷണപദ്ധതി</u>

1149 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണപദ്ധതി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കടക്കെണിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ എത്ര കുടിശ്ശിക നിലനിൽക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

മാവേലിക്കര ചാരംമൂട് എ. ഇ. ഒ. ഓഫീസ്

1150 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചാരംമൂട് കേന്ദ്രമാക്കി എ. ഇ. ഒ. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ മാവേലിക്കര വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ എത്ര എ. ഇ. ഒ. ഓഫീസ് ഉണ്ട്;

(സി) ഓരോ എ. ഇ. ഒ. ഓഫീസിനും കീഴിൽ എത്ര എൽ. പി, യു. പി, എച്ച്. എസ്. എന്നിവ ഉണ്ടെന്ന് വിശദമാക്കുമോ;

(ഡി) 2013-14 ൽ സംസ്ഥാനത്ത് ഓപ്പൺ സ്കൂളിൽ എത്ര പേർ ചേർന്നിട്ടുണ്ട്;

(ഇ) ഓപ്പൺ സ്കൂളിൽ 2013-14 അദ്ധ്യയന വർഷം പുതിയതായി എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം</u>

1151 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ കേന്ദ്രമാക്കി പുതിയ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് അനിവാര്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടെങ്കിലും ആയത് ആരംഭിക്കുന്നതിനുള്ള നടപടിക്രമത്തിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് പുതിയ വിദ്യാഭ്യാസ ജില്ലകളുടെ രൂപീകരണം ഈ സർക്കാർ ദ്രുതഗതിയിൽ പൂർത്തിയാക്കിയിട്ടും അടൂരിന്റെ കാര്യത്തിലുള്ള ഈ അവഗണന അവസാനിപ്പിക്കുന്നതിന് അടിയന്തിര ശ്രദ്ധയുണ്ടാകുമോ?

(സി) പുതിയ വിദ്യാഭ്യാസജില്ലാ രൂപീകരണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ ലഭ്യത സംബന്ധിച്ച് വ്യക്തതയില്ലാതെ ഫയൽ നടപടി അനന്തമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ സമയബന്ധിതമായി പ്രസ്തുത വിവരങ്ങൾ ബോധ്യപ്പെടുന്നതിനും ആവശ്യമെങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടിയുണ്ടാകുമോ;

(ഇ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് നിലവിൽ കാലവിളംബം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതെന്തെല്ലാം വിഷയങ്ങളാണെന്ന് വ്യക്തമാക്കാമോ;

(എഫ്) അടൂർ വിദ്യാഭ്യാസ ജില്ല എന്ന് രൂപീകരിക്കുവാൻ കഴിയുമെന്ന വിവരം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജനം</u>

1152

ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസ്തൃതി, സ്കൂളുകളുടെ എണ്ണം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവയിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തുള്ള ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇല്ലെങ്കിൽ പേരാവൂർ ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിലെ ടെലഫോൺ ചാർജ്</u>

1153 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകൾക്ക് 2011-12, 2012-13, 2013-14 വർഷങ്ങളിൽ ടെലഫോൺ ചാർജിനത്തിൽ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ തുക നൽകിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഉപജില്ലാ ആഫീസുകളിൽ ടെലഫോൺ ചാർജ് ഒടുക്കുന്നതിനായി ഏതെല്ലാം തരത്തിലുള്ള ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ നിയമസാധുതയുണ്ടെന്നറിയിക്കുമോ;

(ഡി) ടെലഫോൺ ചാർജ് ഒടുക്കാത്ത കാരണത്താൽ ഏതെല്ലാം ഉപജില്ലാ ആഫീസുകളിലെ കണക്ഷൻ ഈ കാലയളവിൽ വിച്ഛേദിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ഇ) ഉപജില്ലാ ആഫീസുകൾക്ക് യഥാസമയം ടെലഫോൺ ചാർജ് ഒടുക്കുന്നതിലേയ്ക്ക് തുക അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

തിരുവനന്തപുരം റീജിയണൽ ഡി. ഡി. ഓഫീസിൽ ഫയലുകൾ തീർപ്പാക്കാൻ അദാലത്ത്

1154 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പ് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഫയലുകളിൽ തീർപ്പു കൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആഫീസിൽ എത്ര ഫയലുകൾ തീർപ്പ് കൽപിക്കാനുണ്ടെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്നും ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസിൽ മൂന്ന് മാസത്തിലധികം കാലതാമസമുള്ള ഫയലുകൾ അദാലത്ത് നടത്തിയോ അടിയന്തരനടപടികൾ സ്വീകരിച്ചോ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) നിയമനം</u>

1155 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ (ഇംഗ്ലീഷ്) നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013 ഒക്ടോബർ മുതൽ ആറു മാസത്തേയ്ക്ക് നീട്ടിയ ശേഷം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ജില്ലയിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) അദ്ധ്യാപക ഒഴിവുകളിൽ മറ്റു അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ടോ;

(സി) പാളയംകുന്ന് എച്ച്.എസ്.എസ്., മിതൃമ്മല ബോയ്സ് എച്ച്.എസ്.എസ്., നഗരൂർ എച്ച്. എസ്., പേരൂർക്കട ബോയ്സ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

**കോഴിക്കോട് റീജിയണിലെ എയ്ഡഡ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ അവധിക്കാല ശമ്പളം**

1156 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണിലെ എയ്ഡഡ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ അവധിക്കാല ശമ്പളം തിരിച്ചുപിടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊള്ളുന്നതിന് അടിസ്ഥാനമായ കാരണം എന്തെന്ന് വിശദമാക്കുമോ;

(സി) കോഴ്സ് അനുവദിച്ചപ്പോൾ തന്നെ സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് തസ്തിക അനുവദിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ;

(ഡി) തസ്തിക അനുവദിക്കുന്ന കാര്യത്തിൽ വന്ന കാലതാമസം ശമ്പളം തിരിച്ചുപിടിക്കുന്നതിന് കാരണമായിട്ടുണ്ടോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ശ്രീ. സജിമോൻ സേവ്യറുടെ നിയമനത്തിന് അംഗീകാരം</u>

1157 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടവട കെ.ഇ.എച്ച്.എസ് - ലെ അദ്ധ്യാപകനായ ശ്രീ. സജിമോൻ സേവ്യറുടെ തസ്തിക അംഗീകരിക്കുന്നതിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷ ലഭിച്ച തീയതിയും ഫയൽ നമ്പരും ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയലിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയ്ക്ക് എന്ന് അംഗീകാരം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവ് പാലിക്കുവാൻ നടപടി</u>

1158

ശ്രീ. എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയൽ നം.65823/ബി2/12/വി.വ-ലെ 16.6.2013 ലെ സർക്കാർ ഉത്തരവ് അറിയിച്ചുകൊണ്ടുള്ള കത്തിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലിലെ നിർദ്ദേശം പാലിക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയത് പാലിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ടെക്സ്റ്റ്ബുക്ക് ഡിപ്പോകളിലെ ജീവനക്കാരുടെ പുനർ വിന്യാസം</u>

1159 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധതലത്തിലുള്ള ടെക്സ്റ്റ് ബുക്ക് ഡിപ്പോകളിൽ ജോലിചെയ്യുന്ന ജീവനക്കാരെ ഏതെല്ലാം ഓഫീസുകളിലേക്കും വകുപ്പുകളിലേക്കുമാണ് പുനർ വിന്യസിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) ഇത്തരത്തിൽ പുനർവിന്യസിക്കുന്ന ജീവനക്കാർക്ക് മാതൃവകുപ്പിലേക്ക് തിരിച്ച് വരുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

നെന്മാറയിൽ ഹൈസ്കൂൾ

1160 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ യു.പി. സ്കൂളുകളെ ഹൈസ്കൂളുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) നിലവിൽ എത്ര സ്കൂളുകളെയാണ് ഹൈസ്കൂളുകളായി ഉയർത്തിയിട്ടുള്ളത്;

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഹൈസ്കൂളുകളായി ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഹൈസ്കൂളുകളായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം</u>

1161 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ, അടിമാലി സബ് ജില്ലകളിൽ മുസ്ലീം, ഒ.ബി.സി, എസ്.സി, എസ്.ടി വിദ്യാർത്ഥികൾ എത്രയാണെന്നും ഇവർക്കെല്ലാം സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അത് കൃത്യമായും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ;

(സി) വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെങ്കിൽ എന്തുകൊണ്ടാണ് ആയത് നൽകാത്തത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

കരിവെള്ളൂർ സെൻട്രൽ എ.എൽ.പി. സ്കൂൾ

1162 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ഉപജില്ലയിലെ കരിവെള്ളൂർ സെൻട്രൽ എ.എൽ.പി. സ്കൂൾ നിരുപാധികം സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത അപേക്ഷയിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1163 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടപ്പു വര്‍ഷത്തെ ഭൗതിക ലക്ഷ്യങ്ങള്‍ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതില്‍ ഏതെല്ലാം പ്രവൃത്തികള്‍ പൂര്‍ത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികള്‍ക്കായി വകയിരുത്തിയ തുകയുടെയും ചിലവഴിച്ച തുകയുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>വൈപ്പിന്‍ നിയോജക മണ്ഡലത്തിലെ അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം</u>

1164 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ നിയോജക ണണ്ഡലത്തില്‍ എത്ര അണ്‍ എയ്ഡഡ് സ്കൂളുകള്‍ അംഗീകാരത്തിനായി അപേക്ഷ നല്‍കിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം സ്കൂളുകള്‍ക്ക് അംഗീകാരം നല്‍കിയിട്ടുണ്ട്;

(ബി) പ്രസ്തുത ഓരോ സ്കൂളും എത്ര വര്‍ഷമായി അംഗീകാരമില്ലാതെ പ്രവര്‍ത്തിച്ചുവരുന്നു; വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകള്‍ക്ക് അംഗീകാരം നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ആലത്തൂർ മണ്ഡലത്തിൽ അധിക പ്ലസ് ടു ബാച്ച് അനുവദിച്ചു കിട്ടിയ സ്കൂളുകൾ</u>

1165 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഈ അദ്ധ്യയന വർഷം പ്ലസ് ടൂ-വിന് അധിക ബാച്ചിന് അപേക്ഷ നൽകിയിരുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സ്കൂളുകളിലാണ് പുതിയ പ്ലസ്ടു ബാച്ച് അനുവദിച്ചിട്ടുള്ളത്;

(സി) പ്ലസ് ടൂ ബാച്ചിൽ 2013 -ൽ പ്രവേശനം പൂർത്തികരിച്ചപ്പോൾ ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകളിൽ എത്ര സീറ്റുകളാണ് ഒഴിവുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ സ്കൂളിലേയും ഒഴിവ് പ്രത്യേകം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

യു. പി. സ്കൂൾ അസിസ്റ്റന്റ് ശ്രീ. ജീസൺ ജോർജിന്റെ അപേക്ഷ

1166 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആർ. യു. പി. എസ് മേലൂരിലെ അദ്ധ്യാപകനായിരുന്ന ശ്രീ. ജീസൺ ജോർജിന്റെ റീട്രഞ്ച്ഡ് അദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷയിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ശ്രീ. ജീസൺ ജോർജിന്റെ അപേക്ഷയിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ചാലക്കുടി, കൊടകര ഗവ:ബോയ്സ് ഹൈസ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ

1167 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ ചാലക്കുടി ഗവ. ബോയ്സ് ഹൈസ്കൂൾ, കൊടകര ഗവ. ബോയ്സ് ഹൈസ്കൂൾ എന്നിവയുടെ ജീർണ്ണാവസ്ഥയിലുളള കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കെട്ടിടങ്ങൾ

1168 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ എത്ര സ്കൂളുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പാലോറ ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി ഫൗസിയയുടെ നിയമനം അംഗീകരിക്കൽ</u>

1169 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പാലോറ ഹയർ സെക്കൻഡറി സ്കൂളിൽ ഫുൾടൈം മീനിയൽ തസ്തികയിൽ ശ്രീമതി ഫൗസിയക്ക് ലഭിച്ച നിയമനം അംഗീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ;

(ബി) എങ്കിൽ തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി ശ്രീമതി ഫൗസിയയുടെ നിയമനം അംഗീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സ്വകാര്യ സർവ്വകലാശാലകൾ</u>

1170 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, വി. ശശി
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണമെന്ന് ശുപർശകൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഇത്തരം സർവ്വകലാശാലകൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ തകർച്ചക്ക് കാരണമാകുമെന്ന വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണപദവി</u>

1171 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണപദവി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം സ്വയംഭരണപദവി നൽകുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്വയംഭരണപദവി നൽകുന്നതിലൂടെ ഉന്നതവിദ്യാഭ്യാസരംഗത്തു കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കോളേജുകൾക്ക് സ്വയംഭരണാവകാശം

1172 ശ്രീ. ജി. സുധാകരൻ
,, കെ. ടി. ജലീൽ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; സ്വകാര്യ, സ്വാശ്രയമേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്കും സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതുമൂലം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതം സംബന്ധിച്ച് വേണ്ടത്ര പഠനം നടത്തിയിട്ടുണ്ടോ; എന്തെല്ലാം ആശങ്കകൾ ഇതിനകം ഉയർന്നുവന്നു കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സ്വയംഭരണാവകാശം നൽകുന്നതിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനത്തിലും ഘടനയിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; ഇതിനായി നിയമവും ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥി പ്രവേശനവും, അക്കാദമിക് കൗൺസിൽ രൂപീകരണവും, ഫാക്കൽറ്റി നിയമനവും ചോദ്യപേപ്പർ തയ്യാറാക്കലും, മൂല്യനിർണ്ണയം നടത്തലുമെല്ലാം, അതാതു കോളേജുകളെ തന്നെ അധികാരപ്പെടുത്തുന്നത് ഈ രംഗത്ത് മൂല്യച്യുതിക്കും അഴിമതിക്കും കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) നിർദ്ധനരും ദുർബല വിഭാഗക്കാരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാക്കുന്നതിന് ഈ തീരുമാനം കാരണമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) സർവ്വകലാശാലകളിലേതുപോലെ ഗവേണിംഗ് കൗൺസിലുകളിലും അക്കാദമിക് കൗൺസിലുകളിലുമെല്ലാം വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കോളേജുകളുടെ സ്വയംഭരണാവകാശം

1173 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ആധാരമാക്കിയത് എന്തൊക്കെ കാര്യങ്ങളാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സ്വയംഭരണാവകാശം നൽകുന്നതു വഴി കോളേജുകൾക്ക് ഏതെല്ലാം മേഖലയിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ;

(സി) ഈ കോളേജുകൾക്ക് ആവശ്യമായ ഫണ്ടിംഗ് എവിടെ നിന്നാണ് ലഭിക്കുകയെന്നും എത്ര ഫണ്ട് വീതം ലഭിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) ഇതനുസരിച്ച് ഏതൊക്കെ കോളേജുകൾക്കാണ് ഇങ്ങനെ സ്വയംഭരണം ലഭിക്കുന്നത്; എന്നുമുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അക്കാദമിക് രംഗത്ത് ഇത് വഴി എന്ത് മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വയംഭരണ കോളേജുകളിലെ വിവിധ നിയമനങ്ങൾ, എങ്ങിനെയാണ് നടപ്പിലാക്കുക;

(എഫ്) വിവിധ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാർത്ഥികൾ സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഇപ്പോൾ നൽകിവരുന്നതിനേക്കാൾ കൂടുതൽ നിരക്കിൽ ഫീസ് നൽകേണ്ടിവരുമോ; അങ്ങനെയെങ്കിൽ വിവിധ കോഴ്സുകളുടെ ഫീസ് ഘടന പ്രസിദ്ധീകരിക്കാമോ; പ്രവേശന നടപടികൾ എങ്ങനെയായിരിക്കുമെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് ഈ മേഖലയിലുള്ള വിവിധ സർവ്വീസ്, വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള സംഘടനകളുമായി ചർച്ച നടത്തി, ഈ മേഖലയിലെ ആശങ്കകൾ ദൂരീകരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>സ്വയംഭരണ കോളേജുകൾ</u>

1174 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് അംഗീകൃത രാഷ്ട്രീയ കക്ഷികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ സ്വകാര്യ മാനേജ്മെന്റുകളുടെ ഏതൊക്കെ കോളേജുകൾക്കാണ് സ്വയംഭരണം നൽകാൻ തീരുമാനിച്ചിട്ടുളളത്; വ്യക്തമാക്കുമോ;

(ഇ) സ്വയംഭരണകോളേജുകൾ സംബന്ധിച്ച് കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ പ്രൊഫ. നൈനാൻ കോശി ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ചുവോ; എങ്കിൽ ഇതിന്മേൽ നയം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നിലനിൽക്കുന്ന വിദ്യാഭ്യാസ പുരോഗതി പിന്നോട്ടേയ്ക്ക് എത്തിക്കുന്ന സംവിധാനമാണ് സ്വയംഭരണ കോളേജുകൾ എന്ന പരാതികൾ വിവിധ വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയ കക്ഷികളും വിദ്യാഭ്യാസ വിചക്ഷണരും ഉന്നയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥി പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു പഠനം നടത്തി റിപ്പോർട്ട് വാങ്ങിയശേഷം ഈ സംവിധാനം നടപ്പിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാധികാരം</u>

1175 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് കാര്യങ്ങൾ പഠിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനെതിരെ അക്കാദമിക് മേഖലയിലും, പൊതു സമൂഹത്തിലും ശക്തമായ പ്രതിഷേധം ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ആരുടെ നിർദ്ദേശപ്രകാരമാണ് കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കോളേജുകൾക്ക് സ്വയംഭരണാധികാരം

1176 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കോളേജുകൾക്കാണ് സ്വയംഭരണാധികാരം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര സർക്കാർ കോളേജുകളും എത്ര എയിഡഡ് കോളേജുകളുമുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ എയിഡഡ് കോളേജിന്റെയും പേരും മാനേജ്മെന്റുകൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ഡി) ഇവയിൽ എത്ര കോളേജുകളിൽ ഗവേണിംഗ് ബോഡി രൂപീകരിച്ചെന്ന് വിശദമാക്കാമോ;

(ഇ) ഓരോ കോളേജിന്റെയും ഗവേണിംഗ് ബോഡിയിൽ ആരൊക്കെയാണ് പ്രതിനിധികളെന്നും ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണ പദവി</u>

1177 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ പദവിക്കായി എത്ര കോളേജുകൾ അപേക്ഷിച്ചിട്ടുണ്ട്;

(ബി) ഇവയിൽ ഏതൊക്കെ കോളേജുകൾക്കാണ് സ്വയംഭരണ പദവി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) സ്വയംഭരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>ഉദുമ സർക്കാർ കോളേജ്</u>

1178 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി എത്ര സർക്കാർ കോളേജുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) സർക്കാർ/എയ്ഡഡ് മേഖലയിൽ കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ മണ്ഡലങ്ങളിൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്;

(സി) മണ്ഡലങ്ങളിൽ അതാത് എം.എൽ.എ. മാർ നിർദ്ദേശിച്ച സ്ഥലത്തു തന്നെയാണോ കോളേജ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ ഉദുമ നിയോജക മണ്ഡലത്തിൽ മാത്രം എം.എൽ.എ നിർദ്ദേശിച്ച സ്ഥലത്ത് കോളേജ് അനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് കോളേജുകളിലെ പുതിയ കോഴ്സുകൾ</u>

1179 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര എയ്ഡഡ് കോളേജുകൾക്ക് എത്ര പുതിയ കോഴ്സുകൾ അനുവദിക്കുകയുണ്ടായി;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കോഴ്സുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി;

(സി) പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ പൂർണ്ണമായും നിയമനം നടക്കുമ്പോൾ പ്രതിവർഷം എന്ത് തുക ഈ ഇനത്തിൽ അധികചെലവ് വരുമെന്ന് വിശദമാക്കുമോ;

(ഡി) അദ്ധ്യാപക നിയമനത്തിൽ കോഴയും ലേലംവിളിയും നടത്തിയതായി കണ്ടെത്തിയ എത്ര മാനേജ്മെന്റുകൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പുതിയ കോളേജുകൾ</u>

1180 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗവൺമെന്റ്/ എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ പുതുതായി കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്;

(സി) കോളേജുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) 5 ഏക്കർ സ്ഥലം കോളേജിന് സ്വന്തമായി വേണമെന്നുള്ള വ്യവസ്ഥയുണ്ടോ ;

(ഇ) എങ്കിൽ കോളേജുകൾ ആരംഭിച്ച മണ്ഡലങ്ങളിൽ കോളേജിനായി ഭൂമി രജിസ്റ്റർ ചെയ്തതിനുശേഷമാണോ കോളേജുകൾ ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) 2013–2014 അദ്ധ്യായന വർഷം പുതുതായി തുടങ്ങിയ എത്ര കോളേജുകളിൽ ക്ലാസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ജി) ഇനി എത്ര നിയോജകമണ്ഡലങ്ങളിലാണ് കോളേജുകൾ ആരംഭിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ;

(എച്ച്) സർക്കാരിന്റെ സ്ഥലം പ്രയോജനപ്പെടുത്താതെ ഇതിനകം എത്ര മണ്ഡലങ്ങളിലാണ് സ്വകാര്യ വ്യക്തികളുടെയോ ട്രസ്റ്റുകളുടെയോ സ്ഥലം ഉപയോഗപ്പെടുത്തി കോളേജുകൾ ആരംഭിച്ചിട്ടുള്ളത് എന്നും ഇവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>പുതിയ കോളേജുകൾ</u>

1181 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി കോളേജ് അനുവദിക്കുന്ന നിയോജക മണ്ഡലങ്ങൾ ഏതെല്ലാം;

(ബി) ഒല്ലൂർ മണ്ഡലത്തിൽ പുതിയ കോളേജ് അനുവദിക്കുന്നത് ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>പത്തനംതിട്ടയിൽ സർക്കാർ കോളേജ്</u>

1182 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളോ, ട്രെയിനിംഗ് കോളേജുകളോ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ്;

(ബി) സർക്കാർ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ ഇവ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തേണ്ടത്;

(സി) കേന്ദ്രസർക്കാരിന്റെയോ, യു. ജി. സി.യുടെയോ നിർദ്ദേശ പ്രകാരം, പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; 'റൂസ'പ്രകാരം ഏതൊക്കെ സ്ഥലങ്ങളിലാണ് പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നത്;

(ഡി) ഈ പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലും സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>

1183 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കോളേജുകളിൽ സംരംഭകത്വവികസനക്ലബ്ബുകൾ</u>

1184 ശ്രീ. ലൂഡി ലൂയിസ്
,, പി.സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ സംരംഭകത്വവികസനക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച നയം</u>

1185 ശ്രീ. ഇ. പി. ജയരാജൻ
''സാജു പോൾ
''കെ. ടി. ജലീൽ
''കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച നയം വെളിപ്പെടുത്തുമോ; എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ ഈ സർക്കാർ പുതിയ കോഴുസുകൾ അനുവദിച്ചിട്ടുണ്ടോ; എത്ര കോളേജുകളിലായി എത്ര കോഴ്സുകൾ അനുവദിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും കോളേജുകൾക്ക് ഒന്നിലധികം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ എയ്ഡഡ് ആക്കി മാറ്റിയിട്ടുണ്ടോ; ഏതെല്ലാം കോളേജുകൾക്കാണ് ഇത്തരത്തിൽ കോഴ്സ് എയ്ഡഡാക്കുന്നതിന് അനുമതി നൽകിയിട്ടുളളത്;

(ഡി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും അൺ എയ്ഡഡ് കോഴ്സുകൾ എയ്ഡഡ് ആക്കി മാറ്റുന്നതിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഇ) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**20.01.2014–ലെ മറുപടിക്ക്**

<u>ഒല്ലൂരിൽ ഗവൺമെന്റ് കോളേജ്</u>

1186 ശ്രീ.എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ഒല്ലൂരിൽ നിർദ്ദിഷ്ട ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പട്ടാമ്പിയിൽ അപ്ലൈയ്ഡ് സയൻസ് കോളേജ്

1187 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ ഗ്രാമപഞ്ചായത്ത് വിട്ടുനൽകാമെന്നേറ്റ ആറ് ഏക്കർ സ്ഥലത്ത് ഐ.എച്ച്.ആർ.ഡി–യുടെ കീഴിൽ അപ്ലൈയ്ഡ് സയൻസ് കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ചെറുവത്തൂരിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനം

1188 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ജൂനിയർ ടെക്നിക്കൽ സ്കൂൾ കാമ്പസിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു എൻജിനീയറിംഗ് കോളേജോ, പോളിടെക്നിക്കോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ സർക്കാർ കോളേജിന്റെ അടിസ്ഥാനവികസനത്തിനുള്ള നടപടി</u>

1189 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ സർക്കാർ കോളേജിലെ നാക് അക്രഡിഷന്റെ ഭാഗമായി അടിയന്തിര അടിസ്ഥാന വികസനങ്ങൾക്കും, മെയിന്റനൻസിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ച തസ്തികകൾ</u>

1190 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷം പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ അധ്യാപക-അധ്യാപകേതര ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുളള നടപടികൾ സ്വീകരിക്കുമോ;

(സി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം ലഭ്യമാക്കുന്നതിൻ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

സെന്റർ സെക്ടർ സ്കോളർഷിപ്പ് വിതരണം

1191 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയം വഴി നൽകുന്ന വിദ്യാർത്ഥികൾക്കുള്ള സെന്റർ സെക്ടർ സ്കോളർഷിപ്പ് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ തൃപ്തികരമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതു വർഷം വരെയുള്ള സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടുണ്ട്;

(സി) 2011-2012 വർഷത്തെ എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അവശേഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോളേജുകൾ തിരിച്ച് വിശദമാക്കാമോ;

(ഡി) തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ 2009-2010 വർഷത്തിനുശേഷം എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്; അവശേഷിക്കുന്നവർക്ക് എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി</u>

1192 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

സീമാറ്റിനെ സർവ്വകലാശാലയായി ഉയർത്താൻ നടപടി

1193 ശ്രീ. കെ. മുരളീധരൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീമാറ്റ് - കേരളയെ സർവ്വകലാശാല പദവിയിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസം, ആസൂത്രണം, മാനേജ്മെന്റ്, ഭരണനിർവ്വഹണം എന്നീ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പദ്ധതി മൂലം വരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>'റൂസ'-യുടെ ലക്ഷ്യങ്ങൾ</u>

1194 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ ഗുണമേന്മ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'റൂസ'(ആർ.യു.എസ്.എ.) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം.

(സി) പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്രയാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ</u>

1195 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
'' പി.സി. ജോർജ്ജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ' (റൂസ) നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) എങ്കിൽ, പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പദ്ധതി നടത്തിപ്പിന് കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം എന്താണ്; വിശദാംശങ്ങൾ നല്കുമോ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>എ. ഐ. സി. റ്റി. ഇ. - യുടെ മേഖല ഓഫീസ്</u>

1196 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ. ഐ. സി. റ്റി. ഇ.- യുടെ മേഖല ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുവഴി എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും നിയന്ത്രണത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനംമൂലം ലഭിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഓഫീസിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും</u>

1197 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ടെക് കോഴ്സിന് സർക്കാർ/ എയ്ഡഡ്/സ്വാശ്രയ മേഖലകളിലായി നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ട്; ഇവയിൽ ആകെ എത്ര സീറ്റുകളുണ്ട്;

(ബി) ഈ അദ്ധ്യയന വർഷം ബി.ടെകിനുള്ള ആകെ സീറ്റുകളിൽ എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും നിലവിൽ എത്ര സീറ്റിൽ പഠിക്കാൻ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്നുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ വർഷവും പുതുതായി ബി.ടെകിന് ഓരോ മേഖലയിലും തുടങ്ങിയ കോളേജുകൾ, ഉള്ളവയിൽ വിവിധ കോഴ്സുകൾ, കൂടുതൽ സീറ്റുകൾ എന്നിവ എത്രയെണ്ണം വീതം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ചില സ്വാശ്രയ കോളേജുകൾ ഒഴിവുകളുടെ യഥാർത്ഥ സ്ഥിതി മറച്ചുവെച്ച് പുതിയ കോഴ്സുകൾക്കും സീറ്റുകൾക്കും വീണ്ടും അനുമതി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് തടയുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര വികസനം</u>

1198 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര രൂപയുടെ വികസന പ്രവർത്തനം നടത്തിയെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ ഏതെല്ലാം വിഷയങ്ങൾക്ക് ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും ഓരോന്നിലും എത്ര കുട്ടികൾ പഠിയ്ക്കുന്നുണ്ടെന്നുമുള്ള വിശദാംശം നൽകാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പ്രിൻസിപ്പാൾ ഉൾപ്പെടെ വിവിധ കാറ്റഗറികളിലായി എത്ര ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്; കാറ്റഗറി തലത്തിൽ ലിസ്റ്റ് നൽകാമോ;

(ഡി) പ്രിൻസിപ്പാൾ ഉൾപ്പെടെ ഏതെല്ലാം കാറ്റഗറികളിലെ എത്ര സ്റ്റാഫംഗങ്ങളുടെ ഒഴിവുകൾ നിലവിലുണ്ട്; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

കുളത്തൂർ ഗവ. ആർട്ട്സ് & സയൻസ് കോളേജ് മന്ദിരത്തിൽ ടെക്നിക്കൽ സ്കൂൾ വക സാമഗ്രികൾ കൊണ്ടുവന്നിട്ട സംഭവത്തെക്കുറിച്ചുള്ള അന്വേഷണം

1199 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 10-12-2013 ന് ഉദ്ഘാടനം നിശ്ചയിച്ചിരുന്ന കുളത്തൂർ ഗവ. ആർട്ട്സ് & സയൻസ് കോളേജ് മന്ദിരത്തിൽ, കുളത്തൂർ ടെക്നിക്കൽ സ്കൂൾ വക സാമഗ്രികൾ 06-12-2013-ന് കൊണ്ടിട്ടത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംഭവത്തെക്കുറിച്ചുള്ള റിപ്പോർട്ടിന്റെ പകർപ്പും, വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ലഭ്യമാക്കാമോ;

(ബി) ഉദ്ഘാടനത്തിന് രണ്ട് ദിവസം മുമ്പേ കെട്ടിടത്തിന്റെ പൂട്ട് പൊളിച്ച് ടെക്നിക്കൽ സ്കൂൾ വക വസ്തുക്കൾ കടത്തികൊണ്ട് പോയി ഇട്ടത് ആരാണെന്ന് വ്യക്തമാക്കാമോ; ഇതിന് നേതൃത്വം നൽകിയത് ആരെല്ലാമാണെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കുളത്തൂർ ടെക്നിക്കൽ സ്കൂൾ വക വസ്തു വകകൾ കടത്തിയ ദിവസം സ്ഥാപനത്തിന്റെ ചുമതല ആർക്കായിരുന്നു; അന്ന് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരുടെ പേര് വിവരം ലഭ്യമാക്കാമോ; ചുമതലക്കാരൻ ഈ വിവരം പോലീസിനെയോ, വകുപ്പ് മേധാവികളേയോ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിന്റെ വിശദീകരണം ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് പൊഴിയൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ മുതൽ കടത്തുന്നതിന് കൂട്ടുനിന്ന ജീവനക്കാർ സർവ്വീസിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; കടത്തിയ വിവരം യഥാസമയം മേലധികാരികളെ അറിയിക്കാതെ കൂട്ടുനിന്നവർ ആരാണ്; അവർക്കെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

(ഇ) പ്രസ്തുത കയ്യേറ്റവും, നിയമലംഘനവും നടന്നത് കുളത്തൂർ ടെക്കനിക്കൽ സ്കൂൾ സൂപ്രണ്ടിന്റെ അറിവോടെയായിരുന്നോ; അന്നേ ദിവസം സൂപ്രണ്ട് എവിടെയായിരുന്നുവെന്നറിവുണ്ടോ; സംഭവം അറിഞ്ഞ് സൂപ്രണ്ട് പ്രസ്തുത സ്ഥലത്ത് എപ്പോഴാണ് എത്തിയത്; പോലീസ് മേലധികാരികൾക്ക് എന്തുകൊണ്ടാണ് പരാതി നൽകാത്തതെന്ന് വ്യക്തമാക്കുമോ; സൂപ്രണ്ട് അദർ ഡ്യൂട്ടിയിലായിരുന്നു എങ്കിൽ എന്ത് ഡ്യൂട്ടിക്കായി പോയി എന്ന് വ്യക്തമാക്കാമോ; ആരാണ് ഡ്യൂട്ടി അനുവദിച്ചത്; ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ പകർപ്പും, വിശദാംശവും ലഭ്യമാക്കാമോ;

(എഫ്) ടെക്നിക്കൽ സ്കൂളിലെ ബഞ്ച്, ഡെസ്ക്ക്, മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ മാറ്റികൊണ്ട് പോകുന്ന വ്യാജേന സാമൂഹ്യ വിരുദ്ധർ ഒരു വാഹനത്തിൽ കടത്തിക്കൊണ്ട് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എത്ര എണ്ണത്തിന് കേടുപാടുകൾ ഉണ്ടായെന്നും, ഉപയോഗ ശൂന്യമായിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്ററും ഫിസിക്കൽ പരിശോധനയും നടത്തി ഇതിന്റെ നഷ്ടം എത്രയെന്നും, നഷ്ടത്തിനുത്തരവാദിത്വം ആർക്കെന്നും, ഇത് ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയും വ്യക്തമാക്കാമോ; സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പും സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കുമോ?

(ജി) കുട്ടികളെ നിയമലംഘനത്തിന് പ്രേരിപ്പിച്ചത് ആരാണ്; ഈ നിയമലംഘനം മുൻകൂട്ടി അവിടുത്തെ ജീവനക്കാർക്ക് അറിവുണ്ടായിരുന്നോ; അവരുടെ അറിവോടെ അല്ലെങ്കിൽ ഇത് തടയുന്നതിന് ഉത്തരവാദിത്വപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ; ചുമതലക്കാരൻ അന്നേ ദിവസം മാറി നിന്നത് ബോധപൂർവ്വമാണോ; പോലീസിൽ പരാതി നൽകാത്തത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കാമോ?

(എച്ച്) ഉദ്ഘാടനം നിശ്ചയിച്ചിരുന്ന ഗവ. ആർട്ട്സ് & സയൻസ് കോളേജിൽ ഉദ്ഘാടനത്തിന് തൊട്ടു മുമ്പേ കുളത്തൂർ ടെക്നിക്കൽ സ്കൂളിലെ പി.ടി.എ യും ചില ഉദ്യോഗസ്ഥരും ചേർന്ന് കുട്ടികളെ മുൻ നിർത്തി നിയമലംഘനം നടത്തി പൊതുമുതൽ നശിപ്പിച്ച സംഭവം വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കുറവിലങ്ങാട്ട് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സയൻസ് സിറ്റി</u>

1200 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിലൂടെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കോട്ടയത്ത് കൃഷി വകുപ്പിന്റെ കുറവിലങ്ങാട്ടുള്ള 30 ഏക്കർ സ്ഥലം സർക്കാരിന് കൈമാറിയിട്ടുള്ളതിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ സയൻസ് സിറ്റിക്കു വേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ;

(സി) ഇവിടെ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ; പരിസ്ഥിതി സൗഹൃദമായി സയൻസ് സിറ്റിയെ വികസിപ്പിക്കാൻ ശ്രമിക്കുമോ;

(ഡി) സയൻസ് സിറ്റിക്ക് വേണ്ടി എത്ര രൂപയുടെ മുതൽമുടക്കാണ് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ വഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ കേന്ദ്രവിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര എന്ന് വിവരിക്കാമോ;

(ഇ) സയൻസ് സിറ്റിയുടെ വകുപ്പുതല ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(എഫ്) സയൻസ് സിറ്റിയിലൂടെ വിദ്യാഭ്യാസത്തിനും ശാസ്ത്ര വിജ്ഞാനത്തിനും ഉതകുന്ന കോഴ്സുകൾ ഇവിടെ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ ഉച്ചതര്‍ ശിക്ഷാ അഭിയാന്‍</u>

1201 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാഷ്ട്രീയ ഉച്ചതര്‍ ശിക്ഷാ അഭിയാന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങള്‍ നടപ്പിലാക്കുവാനാണ് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഇതിനോടകം പ്രോജക്ട് അപ്രൂവല്‍ ബോര്‍ഡിന്റെ അനുമതി കിട്ടിയ കേരളത്തിലെ പദ്ധതികള്‍ ഏതെല്ലാമാണ്;

(ഡി) പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഇതിനോടകം എന്ത് തുകയുടെ കേന്ദ്രഫണ്ട് സംസ്ഥാനത്തിനു ലഭിച്ചു; പദ്ധതി ഫണ്ട് ലഭിക്കണമെങ്കില്‍ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങള്‍ വരുത്തണമെന്നാണ് കേന്ദ്രഗവണ്‍മെന്റ് നിര്‍ദ്ദേശിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത പദ്ധതി കേരളത്തില്‍ നടപ്പിലാക്കുന്നത് ഏത് ഏജന്‍സി മുഖേനയാണ്; പ്രസ്തുത ഏജന്‍സിയുടെ ഘടന എപ്രകാരമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

യു. ജി. സി. യുടെ 'റൂസ' പദ്ധതി

1202 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. യുടെ ഉന്നതവിദ്യാഭ്യാസപദ്ധതിയായ 'റൂസ' നടപ്പാക്കുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കോളേജ് തലത്തിലും, യൂണിവേഴ്സിറ്റി തലത്തിലും, പദ്ധതിപ്രകാരം നൽകാനുദ്ദേശിക്കുന്ന മുൻഗണനാക്രമം വിശദമാക്കുമോ;

(സി) കോളേജുകൾക്ക് ഓരോന്നിനും എന്ത് തുകവീതം പദ്ധതിപ്രകാരം ലഭിക്കുമെന്നും പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

സി- ആപ്റ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

1203 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി- ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ഉത്തരവ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പുതിയ നിരക്കിൽ ജീവനക്കാർക്ക് ശമ്പളം നൽകി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ചില തസ്തികകളിലെ ശമ്പള നിരക്കിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം തസ്തികകളിലെ ശമ്പള നിരക്കുകളിൽ അപാകത വന്നിട്ടുണ്ടെന്നാണ് പരാതി ലഭിച്ചത്;

(ഇ) ഇത് സംബന്ധമായി എന്തെങ്കിലും കോടതി വിധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) അപാകത വന്നു എന്ന് പരാതിയുള്ള തസ്തികകൾ എന്ന് സൃഷ്ടിച്ചതാണെന്നും, അവയ്ക്ക് ഏതെല്ലാം ഗവേണിംഗ് ബോഡിയിലാണ് അംഗീകാരം നൽകിയതെന്നും ഗവേണിംഗ് ബോഡിയിലെ മിനിട്ട്സിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ;

(ജി) സെന്ററിന് ഏതെങ്കിലും സർവ്വീസ് റൂൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ ഏറ്റവും പുതിയ പതിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ച് എന്ന് മുതൽ പുതുക്കിയ നിരക്കിൽ ശമ്പളം വിതരണം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ലൈബ്രറി കൗൺസിലിന്റെ ബഡ്ജറ്റ് വിഹിതം

1204 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2013–14 വർഷം പദ്ധതി ഇനത്തിലും പദ്ധതിയേതര ഇനത്തിലും എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; പ്രസ്തുത തുക എന്തൊക്കെ ആവശ്യത്തിന് വേണ്ടി വിനിയോഗിക്കുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ച് നൽകുന്ന ഗ്രാന്റ് സാമ്പത്തിക വർഷത്തിലെ ഏതൊക്കെ മാസങ്ങളിലാണ് ലൈബ്രറി കൗൺസിലിന് മുൻകാലങ്ങളിൽ നൽകി വന്നിരുന്നതെന്ന് അറിയിക്കുമോ; അതനുസരിച്ച് 2013–14 ൽ തുക കൗൺസിലിന് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) 2013–14 ലെ ഗ്രാന്റ് ലഭിക്കുന്നതിലേക്കായി ലൈബ്രറി കൗൺസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; ഗ്രാന്റ് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ഗ്രാന്റ് ലഭിക്കാത്തതുമൂലം നിർജ്ജീവമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ</u>

1205 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എഴുകോൺ പോളിടെക്നിക്കിൽ ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായിട്ടാണ് ആവശ്യം ഉയർന്നിട്ടുള്ളത്;

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

**കേരള നിയമസഭ**
**20.01.2014–ലെ മറുപടിക്ക്**

<u>പോളിടെക്നിക് സ്ഥാപിക്കാൻ നടപടി</u>

1206 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിത്തിരം ഹൈസ്കൂളിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പോളിടെക്നിക് സ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഐ. എച്ച്. ആർ. ഡി.ക്ക് യൂണിവേഴ്സിറ്റി പദവി

1207 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ നടത്തിവരുന്ന കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഐ. എച്ച്. ആർ. ഡി. യുടെ വൈവിധ്യമാർന്ന വിദ്യാഭ്യാസ ശൃംഖല നിലനിർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഐ. എച്ച്. ആർ. ഡി.ക്ക് യൂണിവേഴ്സിറ്റി പദവി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഐ. എച്ച്. ആർ. ഡി. യിലെ നിയമനങ്ങൾ പി. എസ്. സി.ക്ക് വിടുന്നതിന് സന്നദ്ധമാകുമോ;

(ഇ) ഐ. എച്ച്. ആർ. ഡി. യിൽ നിലവിലുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഇതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികയിൽ നിയമനം</u>

1208 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ട്രേഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികയിൽ നിയമനം നടത്തുന്നതിന് തയ്യാറാക്കിയ പി.എസ്.സി റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ എന്നറിയാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ജില്ലയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോയെന്നും അവശേഷിക്കുന്ന ഒഴിവുകൾ എത്രയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്നും, ഉയർന്ന തസ്തികയിലേക്ക് നിലവിലുള്ളവരെ പ്രമോഷൻ നടത്തുമ്പോൾ ഉണ്ടാകാവുന്ന ഒഴിവുകൾ എത്രയാണെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ കൂടി കണക്കാക്കി റാങ്ക്ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപായി നിയമനം നടത്തുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

എൽ. ബി. എസ്സ് നിയമനങ്ങളിലെ സംവരണതത്വം

1209 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. ബി. എസ്സ് നിയമനങ്ങളിൽ സാമുദായിക സംവരണം നടപ്പാക്കാൻ ഗവേണിംഗ് ബോഡി തീരുമാനിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) എൽ. ബി. എസ്സിന്റെ ആരംഭം മുതൽ സാമുദായിക സംവരണതത്വം കൃത്യമായി പാലിക്കാതിരുന്നതാണോ വർഷങ്ങൾക്കുശേഷം ഇത്തരമൊരു പ്രത്യേക തീരുമാനത്തിനിടയാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ എൽ. ബി. എസ്സിലെ നിയമനങ്ങളിൽ ഏതു തീയതി മുതലാണ് സംവരണതത്വം എല്ലാ തസ്തികകളിലും കർശനമായി നടപ്പാക്കിത്തുടങ്ങിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

എൽ. ബി. എസ്സിലെ സംവരണതത്വമനുസരിച്ചുള്ള നിയമനം

1210 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. ബി. എസ്സിലെ കമ്പ്യൂട്ടർ സയൻസ് ലെക്ച്ചറർ /അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സാമുദായിക സംവരണം ഏതു തീയതി മുതലാണ് കർശനമായി നടപ്പാക്കിത്തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ബി) സംവരണതത്വം കർശനമായി നടപ്പാക്കിത്തുടങ്ങിയ ശേഷം ആ തസ്തികയിൽ എത്ര നിയമനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ട്;

(സി) സംവരണ തത്വമനുസരിച്ച് പ്രസ്തുത തസ്തികയിൽ നാളിതുവരെ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഓരോ തസ്തികയിലും നിയമിച്ചയാളുടെ പേര് ഓപ്പൺ ആണോ, സംവരണമാണോ, സംവരണമാണെങ്കിൽ ഏതുവിഭാഗത്തിനുള്ള അർഹതപ്പെട്ട ക്വോട്ട, നിയമിച്ച യാളുൾപ്പെടുന്ന വിഭാഗം, ഒരു വിഭാഗത്തിന് അർഹതപ്പെട്ട ക്വോട്ട നഷ്ടമായിട്ടുണ്ടെങ്കിൽ ആയത് എന്ന്, ഏതു ടേണിൽ പരിഹരിച്ചു നൽകി എന്നതുൾപ്പെടെയുള്ള വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) സംവരണതത്വം കർശനമായി പാലിച്ച് നിയമനം നൽകിത്തുടങ്ങിയശേഷം അർഹരായ ഉദ്യോഗാർത്ഥി ഇല്ലാതിരുന്നതിനാൽ ഏതെല്ലാം ടേണിൽ ഏതൊക്കെ സമുദായങ്ങൾക്ക് നിയമനാവസരം നഷ്ടമായിട്ടുണ്ട്;

(എഫ്) പ്രസ്തുത നഷ്ടം യഥാവിധി അതതു സമുദായങ്ങൾക്ക്, തുടർന്നുവന്ന ഏതൊക്കെ ടേണിലെ ഒഴുവുകളിൽ നിയമനം നൽകി എന്നതിന്റെ വിശദവിവരം ഓരോ ടേണിലും നിയമനം നൽകിയ ആളിന്റെ പേരും തീയതിയും സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിന് പദ്ധതി

1211 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിനുള്ള നിലപാട് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

അയ്യൻകാളി സർവ്വകലാശാല

1212 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദളിത് സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് അയ്യൻകാളി സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സ്വയംഭരണ സ്ഥാപനങ്ങളായി</u>
<u>മാറ്റാൻ പോകുന്ന കലാലയങ്ങൾ</u>

1213 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ സ്ഥാപനങ്ങളായി മാറ്റാൻ പോകുന്ന കലാലയങ്ങളുടെ പട്ടിക തയ്യാറാക്കുന്നത് ഏതുമാനദണ്ഡം അനുസരിച്ചാണ്;

(ബി) ഇതിനായി തെരഞ്ഞെടുത്ത എത്ര സ്ഥാപനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച യോഗ്യതകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്വയംഭരണം നൽകുന്നതുകൊണ്ട് സർക്കാരിനും വിദ്യാഭ്യാസ മേഖലയ്ക്കും ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സ്പോർട്സ് സയൻസ് പഠന വിഷയമാക്കാൻ നടപടി</u>

1214 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ സ്പോർട്സ് സയൻസ് ഒരു പഠന വിഷയമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം സംരംഭങ്ങൾ ആരംഭിച്ചാൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ പൂർണ്ണമായ സാമ്പത്തിക സഹായം ചെയ്യുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത്തരം കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം</u>

1215 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയ കൂട്ടത്തിൽ നിയമനം ലഭിച്ചവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ അവരുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ക്രമരഹിത നിയമനകാര്യത്തിൽ ലോകായുക്തയും, കോടതിയും സ്വീകരിച്ച നിലപാടും നല്കിയ ഉത്തരവുകളും സംബന്ധിച്ച വിശദമായ വിവരം നല്കുമോ;

(സി) പ്രസ്തുത നിയമനത്തിൽ കോടതിയുടെ വിധി പ്രകാരം എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നുള്ള വിശദാംശം നല്കുമോ;

(ഡി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി മലപ്പുറം കേന്ദ്രം</u>

1216 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ മലപ്പുറം കേന്ദ്രത്തെ ന്യൂനപക്ഷ സർവ്വകലാശാലയാക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നുണ്ടോ; പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേന്ദ്രം നിലവിൽ മാനവ വിഭവശേഷി മന്ത്രാലയത്തിനു കീഴിലാണോ അതോ ന്യൂനപക്ഷ മന്ത്രാലയത്തിനു കീഴിലാണോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിന് ഇതുവരെ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ടെന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) നിലവിൽ ഓരോ കോഴ്സിലും ഉള്ള മലയാളി വിദ്യാർത്ഥികളുടെ എണ്ണം വിശദമാക്കാമോ;

(ഇ) മലയാളി പ്രാതിനിധ്യം കൂടുതൽ ലഭിക്കുന്നതിന് ഒൻപതാം ക്ലാസ്സ് മുതലുള്ള പഠനം പ്രസ്തുത കേന്ദ്രത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

**കാലിക്കറ്റ് സർവ്വകലാശാലയിൽ ഫുട്ബോൾ അക്കാഡമിയും പരിശീലന കേന്ദ്രവും**

1217 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ ഫുട്ബോൾ അക്കാഡമിയും പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് ആവശ്യമായ സഹായസഹകരണങ്ങൾ സർവ്വകലാശാലക്കു നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്കുള്ള നാമനിർദ്ദേശം

1218 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന സിൻഡിക്കേറ്റിനെ പിരിച്ച് വിട്ടത് എപ്പോഴായിരുന്നു; അതിന് ശേഷം എത്ര തവണ സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം നടത്തുകയുണ്ടായി; ഏറ്റവും ഒടുവിൽ നാമനിർദ്ദേശം നടത്തപ്പെട്ടവർ ആരൊക്കെ; പേര് വിവരവും അവർക്ക് വിദ്യാഭ്യാസ മേഖലയുമായുള്ള ബന്ധവും വിശദമാക്കുമോ;

(ബി) ഈ സർക്കാർ നാമനിർദ്ദേശം ചെയ്തിരുന്ന മുൻ സിൻഡിക്കേറ്റ് അംഗങ്ങൾക്കെതിരെ നിലവിൽ എത്ര വിജിലൻസ് കേസുകൾ ഉണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>നാട്ടിക ബി.എഡ് സെന്ററിന് സ്ഥലം</u>

1219 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക ഫിഷറീസ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററിന് സ്ഥിരമായി സ്ഥലം നൽകുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ;

(ബി) ഫിഷറീസ് സ്കൂൾ വക സ്ഥലം ബി.എഡ് സെന്ററിന് കൈമാറുന്നതു സംബന്ധിച്ച് സർവ്വ കക്ഷി യോഗം തീരുമാനിച്ചതനുസരിച്ച് നിവേദനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥലം കൈമാറ്റ നടപടികൾ ത്വരിതപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നും തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?